# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടത്വ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P-1/308/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 31/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടത്വ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടത്വ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്വ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P-1/308/23 തീയ്യതി: 31/03/2023

## ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 05-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 06-03-2023 | 15-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-03-2023 | 15-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
റോയ്.റ്റി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ലക്ഷ്മികാന്ത്.പി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.മറിയാമ്മ ജോർജ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.അജയൻ.സി.വി | സെക്രട്ടറി | 01-04-2021 | 28-06-2021 |
| ശ്രീമതി.ലീന.കെ.നായർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-06-2021 | 06-07-2021 |
| ശ്രീ.ഉണ്ണികൃഷ്ണൻ പിള്ള.പി.ആർ | സെക്രട്ടറി | 07-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ജിഷമോൾ.ആർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ജ്യോതിമോൻ.പി.വി | വെറ്ററിനറി സർജൻ | 01-04-2021 | 21-12-2021 |
| ഡോ.സജിൻ മാത്യു | വെറ്ററിനറി സർജൻ | 22-12-2021 | 13-02-2022 |
| ഡോ.ശ്രീജിത്ത്.എസ് | വെറ്ററിനറി സർജൻ | 14-02-2022 | 31-03-2022 |
| ശ്രീമതി.സ്മിത.എസ്.ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.സിനി.സി.ജോസഫ് | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ബിന്ദുശ്രീ.എൽ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി.സുധർമ.കെ.പി | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ഓസില ബീവി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.ദിനൽ രാജ് | വി.ഇ.ഒ | 01-04-2021 | 30-06-2021 |
| ശ്രീമതി.പ്രജിഷ കുമാരി | വി.ഇ.ഒ | 01-07-2021 | 31-07-2021 |
| ശ്രീ.ദിനൽ രാജ് | വി.ഇ.ഒ | 01-08-2021 | 31-03-2022 |
| ശ്രീമതി.ലീന.കെ.നായർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 26-07-2021 |
| ശ്രീ.ദിലീപ്.ബി | അസിസ്റ്റന്റ് സെക്രട്ടറി | 27-07-2021 | 31-03-2022 |
| ശ്രീമതി.സലിൻ സാബു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | ഓഡിറ്റ് ഇംപാക്ട് - ലൈഫ് മൂന്നാം ഘട്ടം - സ്ഥലം വാങ്ങൽ - അധികം നൽകിയ 66700/- രൂപ തിരികെ ഒടുക്കി. | 1-10 |
| 12 | സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് - 53,750 /- രൂപയുടെ വരുമാന നഷ്ടം | 1-11 |
| 13 | തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- പഞ്ചായത്തിന് വരുമാന നഷ്ടം | 1-12 |
| 14 | വസ്തുനികുതി തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം -7,884 /- | 1-13 |
| 15 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് ഫയലുകളും അനുബന്ധ രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല. | 1-14 |
| 16 | കുളം പുനരുദ്ധാരണം - മൂല്യനിർണ്ണയ രേഖകൾ ലഭ്യമാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 17 | കിണർ നിർമ്മാണം - അപേക്ഷയും മൂല്യനിർണ്ണയ സാക്ഷ്യപത്രവും ഹാജരാക്കിയില്ല. | 1-16 |
| 18 | പി.എം.എ.വൈ പദ്ധതിക്ക് പഞ്ചായത്ത് വിഹിതം നൽകൽ - കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു. | 1-17 |
| 19 | ജൽജീവൻ പദ്ധതി-വിനിയോഗ രേഖകൾ ലഭ്യമല്ല. | 1-18 |
| 20 | അഗതി ആശ്രയ-തുക വിനിയോഗിച്ചില്ല. | 1-19 |
| 21 | പൈപ്പ് ലൈൻ വലിച്ച് ട്യൂബ് വെൽ കമ്മീഷനിംഗ്-പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല. | 1-20 |
| 22 | അംഗനവാടി കെട്ടിട നിർമാണം-പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല | 1-21 |

| | | |
|---|---|---|
| 23 | കുടിവെള്ള വിതരണം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല. | 1-22 |
| 24 | ഐ.കെ.എം-ന് വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-23 |
| 25 | യഥാസമയം വാട്ടർ ചാർജ് ഒടുക്കാതിരുന്നതിനുള്ള ഫൈൻ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കി | 1-24 |
| 26 | കൺസോളിഡേഷൻ കുറവ് ചെയ്തില്ല- കരാറുകാരന് അധിക തുക നല്കി | 1-25 |
| 27 | ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് കെട്ടിടം പെയിന്റിംഗ്-അധിക ചെലവ്. | 1-26 |
| 28 | എം.ജി.എൻ.ആർ.ഇ.ജി.എസ് മുഖേന നടപ്പാക്കുന്ന ഇൻർലോക്കിംഗ് പ്രവർത്തികൾക്ക് അധികം തുക ചെലവഴിക്കുന്നു. | 1-27 |
| 29 | എം.ജി.എൻ.ആർ.ഇ.ജി.എസ്.പ്രവൃത്തികൾ -കരാറുകാരിൽ നിന്നും ആദായ നികുതി, ജി.എസ്.ടി.എന്നിവ ഉറവിടത്തിൽ കുറവ് ചെയ്യുന്നില്ല. | 1-28 |
| 30 | തുടർസാക്ഷരതാ പ്രവർത്തനം - രേഖകൾ ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| ഭാഗം **2** | | |
| 1 | വസ്തുനികുതി തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം -7,884 /- | 2-1 |
| 2 | സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് - 53,750 /- രൂപയുടെ വരുമാന നഷ്ടം | 2-2 |
| ഭാഗം **3** | | |
| 1 | കൺസോളിഡേഷൻ കുറവ് ചെയ്തില്ല- കരാറുകാരന് അധിക തുക നല്കി | 3-1 |
| 2 | ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് കെട്ടിടം പെയിന്റിംഗ്-അധിക ചെലവ്. | 3-2 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 11.02.2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 28.02.2022തീയതിയിലെ 1(3)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 162196352 | 153917001 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 157071773 | 151549645 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 07.07.2022 |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

എടത്വ ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1.എയിംസിൽ ഇൻകം & എക്സ്പന്റീച്ചർ, രസീപ്റ്റ് & പേയ്മെന്റ് , ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തങ്ങളും ഷെഡ്യൂളുകളും പ്രത്യേകം ഇ സബ്മിറ്റ് ചെയ്തിട്ടുണ്ട്. ഇവയിൽ സംക്ഷിപ്തങ്ങളിലുള്ള ആകെ തുകകളും ഷെഡ്യൂകളോടൊപ്പമുള്ള സംക്ഷിപ്തങ്ങളിലെ ആകെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം ഫെഡറൽ ബാങ്കിൽ 10380100214679 എന്ന അക്കൌണ്ട് നമ്പറിൽ രണ്ട് അക്കൌണ്ടുകൾ ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ ഒന്നിൽ 467392/-രൂപ അക്കൌണ്ട് ബാലൻസുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയത് ബാങ്ക് ബാലൻസുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്. മറ്റൊരു അക്കൌണ്ടിൽ 1935747/-രൂപ നീക്കിയിരിപ്പുള്ളതായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നു. കാരണം വിശദീകരിക്കേണ്ടതാണ്.

3.എസ്.ബി.ഐ എടത്വ (67378504002) അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് ക്ലിയേഡ് എന്നതിനു കീഴെ വൌച്ചർ നമ്പറും തീയതിയും മാത്രം രേഖപ്പെടുത്തി ധാരാളം തുകകൾ നല്കിയിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. സാമ്പത്തിക വർഷം അവസാനിച്ചിട്ടും മേൽ പ്രകാരമുള്ള തുകകൾ ക്രമീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

4.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൌണ്ട് ഓഫ് ഓൺ ഫണ്ട് റെവന്യൂ ഫണ്ട് എന്ന ബാങ്ക് അക്കൌണ്ടിൽ (-)1101/-രൂപയുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത അക്കൌണ്ടിന്റെ ബാങ്ക് പാസ് ബുക്ക് , റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തന്മൂലം ഈ അക്കൌണ്ടിലെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനായില്ല.

5.സബ് ട്രഷറി എടത്വ (707051400000002) എന്ന അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം പാസ്ബുക്ക് ബാലൻസ് പൂജ്യം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 5800/-രൂപ ബാലൻസുള്ളതായി കാണുന്നു. ഈ അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank എന്നതിനു കീഴെ 31.10.2021 തീയതി രേഖപ്പെടുത്തി 796561/-രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ 01.04.2021 മുതൽ 31.03.2022 വരെയുള്ള ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ അപ്രകാരം ഒരു തുക ഉൾപ്പെട്ടതായി കാണുന്നില്ല.

6.താഴെപ്പറയുന്ന അക്കൌണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബാലൻസുമായി പൊരുത്തപ്പെടുത്തുന്നതിനു വേണ്ടി നല്കിയിരിക്കുന്ന വിവിധ തുകകൾ ചെക്കിന്റെ കാലാവധി കഴിഞ്ഞവയൊ അക്കൌണ്ട് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതിന്റെ സമയം അധികരിച്ചവയൊ ആണെന്നു കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം സമയബന്ധിതമായി സ്വീകരിക്കേണ്ട നടപടികളൊന്നും മേൽ തുകകളുടെ കാര്യത്തിൽ സ്വീകരിച്ചിട്ടില്ലായെന്ന് കാണുന്നു.

ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് (4008/11/01/000026)

| | |
|---|---|
| Cheque Issued But Not Presented Into Bank | 88207 |
| Directly Credited By Bank | 5311383 |
| Cash Or Cheque Withdrawal | 1655 |
| Cheque Deposited But Not Cleared | 243701 |
| Directly Debited By Bank | 5039645 |
| Cash Or Chequedeposited | 55071 |

ഫെഡറൽ ബാങ്ക് തലവടി

| | |
|---|---|
| Cheque Issued But Not Presented Into Bank | 192819 |
| Directly Credited By Bank | 2913861 |
| Cash Or Cheque Withdrawal | 1500 |
| Cheque Deposited But Not Cleared | 517714 |

| | |
|---|---|
| Cash Or Chequedeposited | 92861 |

ഇന്ത്യൻ ഓവർസീസ് ബാങ്ക്, എടത്വ

| | |
|---|---|
| Cheque Issued But Not Presented Into Bank | 27 |
| Directly Credited By Bank | 55 |
| Directly Debited By Bank | 94 |

7.എസ്.ബി.ഐ എടത്വ (67366544878) എന്ന അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank എന്നതിനു കീഴെ 31.03.2022 തീയതി രേഖപ്പെടുത്തി 4/-രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ 31.03.2022 -ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ അപ്രകാരം ഒരു തുക ഉൾപ്പെട്ടതായി കാണുന്നില്ല.

8.എസ്.ബി.ഐ എടത്വ (67081405030) എന്ന അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം പാസ്ബുക്ക് ബാലൻസ് പൂജ്യം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2022-ൽ 46/-രൂപ ബാലൻസുള്ളതായി കാണുന്നു. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

9.ഡെപ്പോസിറ്റ് രജിസ്റ്ററിൽ Auction Deposit സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

10.ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ച 4000/-രൂപ തിരികെ നല്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-33(P) -ൽ ഇത് സംബന്ധിച്ച് രേഖപ്പെടുത്തലുകളൊന്നും വന്നിട്ടില്ല.

11.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം 17459784/-രൂപ വിവിധ ഫണ്ടുകളിൽ ബാധ്യതയായുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 പ്രകാരം ഇതിനു തത്തുല്യമായ തുക ബാങ്ക് / ട്രഷറി അക്കൌണ്ടുകളിൽ നീക്കിയിരിപ്പുള്ളതായി കാണുന്നില്ല. വിവിധ ഫണ്ടിനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനങ്ങളിലെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാനായില്ല.

12.പെർമിറ്റ് സംബന്ധിച്ച രജിസ്റ്ററിൽ ഡി.സി.ബി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

13.ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

14.ലോൺ രജിസ്റ്റർ രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

15.മൂലധന ആസ്തിസൃഷ്ടിക്കായി തൻവർഷം ചെലവഴിച്ച തുകകളൊന്നും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ലെഡ്ജറിലേയ്ക്ക് മാറ്റിയിട്ടില്ല.

16. തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് അംഗൻവാടികൾക്ക് കെട്ടിടം നിർമിക്കുന്നതിനായി 1200000/-രൂപ മഹാത്മ ഗാന്ധി എൻ.ആർ.ഇ.ജി.എ സ്റ്റേറ്റ് മിഷൻ എന്ന പേരിലുള്ള ട്രഷറി അക്കൌണ്ടിലേയ്ക്ക് (നം.799011400000486) ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. എന്നാൽ ഈ തുക ബാലൻസ് ഷീറ്റ് B-18-ൽ ഉൾപ്പെട്ടു വന്നിട്ടില്ല.

17.അഡ്വാൻസ് രജിസ്റ്റർ ശരിയായി എഴുതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ മുൻകൂർ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

18. വസ്തു നികുതിയുടെ സഞ്ചയയിൽ നിന്നുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റിലെ തുകകളും ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകളും പൊരുത്തപ്പെടുന്നില്ലായെന്ന് കാണുന്നു.

19.അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ് ബേസിക് ഗ്രാന്റിനത്തിൽ 1431391/-രൂപ മാത്രമാണ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ഇനത്തിൽ 2728667/-രൂപ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു.

20.അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റിനത്തിൽ 2043531/-രൂപ മാത്രമാണ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ഇനത്തിൽ 4013000/-രൂപ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു.

മേൽ ന്യൂനതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5 തീ.09.03.2023, നം.12 തീ.10.03.2023) നല്കിയിരുന്നു.

ക്രമ നം.2 മുതൽ 8 വരെയുള്ള ന്യൂനതകൾ 2022-23 സാമ്പത്തിക വർഷം പരിഹരിച്ചിട്ടുള്ളതായി പറഞ്ഞിരിക്കുന്നു. ക്രമ നം.10 -ൽ പറഞ്ഞിരിക്കുന്ന ഇലക്ഷൻ ഡെപ്പോസിറ്റ് Amount Payable To Other Creditors എന്ന അക്കൌണ്ടിൽ തെറ്റായി രേഖപ്പെടുത്തിയതായി പറഞ്ഞിരിക്കുന്നു. മറ്റ് ന്യൂനതകളെല്ലാം തുടർവർഷങ്ങളിൽ പരിഹരിക്കുന്നതാണെന്നും മറുപടി നല്കിയിരിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16567122 |
| വരവ് | 68549793 |
| ആകെ | 85116915 |
| ചെലവ് | 68217436 |
| നീക്കിയിരിപ്പ് | 16899479 |
| വരവിനങ്ങളിലുള്ള നഷ്ടം | 61634 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 15609 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10322074 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് എ.സി.ആർ പ്രകാരം | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട്- പൊതുവിഭാഗം | 0 | 14369000 | 14369000 | 1858468 | 12417594 | 92938 (ലാപ്സായി) |
| വികസന ഫണ്ട്- എസ്.സി.പി | 0 | 5356000 | 535600 | 146666 | 5209331 | 3 (ലാപ്സായി) |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 6700 | 6700 | 0 | 0 | 6700 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് -ട്രഷറി | 0 | 3651121 | 3651121 | 0 | 3077790 | 573331 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് -ബാങ്ക് | 0 | 4013000 | 4013000 | 0 | 2542800 | 1470200* (നീക്കിയിരിപ്പ്) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് -ബാങ്ക് | 0 | 2676000 | 2676000 | 0 | 1503744 | 1172256* + 52667 പലിശ (നീക്കിയിരിപ്പ്) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് -ട്രഷറി | 0 | 1834756 | 1834756 | 0 | 1575621 | 259135 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 7841000 | 7841000 | 0 | 7602367 | 238633 (ലാപ്സായി) |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 5350976 | 5350976 | 0 | 4826270 | 524706 (ലാപ്സായി) |

*നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ആയത് വാർഷിക കണക്കിൽ ന്യൂനതയായി സൂചിപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി) എന്നീ ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ വരവ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

1.വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ കണക്ക് പ്രകാരം |
|---|---|---|
| വരവ് | 12510532 | 14369000 |
| ചെലവ് | 14276062 | 14276062 |
| നീക്കിയിരിപ്പ് | (-)1765530 | 92938 |

2.വികസന ഫണ്ട് (എസ്.സി.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|
| വരവ് | 5209334 | 5356000 |
| ചെലവ് | 5355997 | 5355997 |
| നീക്കിയിരിപ്പ് | (-)146663 | 3 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

(സുലേഖ പദ്ധതി ചെലവ് പത്രികയിൽ നിന്നുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 130 | 70165720 | 108 | 49620483 | 0 | 22 | 83.08% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2320 | 811923 | 814243 | 814197 | 46 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 38652640 | 38652640 | 38652640 | |
| ആകെ | 2320 | 39464563 | 39466883 | 39466837 | 46 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 42240 | 26 |
| കർഷക തൊഴിലാളി പെൻഷൻ | 7842600 | 1142 |
| വിധവ പെൻഷൻ | 8221200 | 549 |
| വാർദ്ധക്യകാല പെൻഷൻ | 24512700 | 1704 |
| വികലാംഗ പെൻഷൻ | 4383800 | 277 |
| അവിവാഹിത പെൻഷൻ | 412800 | 27 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.03.2023 തീയതിയിൽ 02:45 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,603/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

2.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്ന തിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

4. അഡ്വാൻസ് രജിസ്റ്ററിൽ പൂർണ്ണമായും എല്ലായിനങ്ങളുടേയും സംക്ഷിപ്ത വിവരം എഴുതി സൂക്ഷിക്കുന്നില്ല.

5. മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റുകളിൽ പലതിലും ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല.

## 1-10 ഓഡിറ്റ് ഇംപാക്ട് - ലൈഫ് മൂന്നാം ഘട്ടം - സ്ഥലം വാങ്ങൽ - അധികം നൽകിയ 66700/- രൂപ തിരികെ ഒടുക്കി.

ലൈഫ് ഭവന പദ്ധതി മൂന്നാം ഘട്ടത്തിൽ (പ്രോ.നം 17/22) ഉൾപ്പെടുത്തി ശ്രീ.ജോസഫ് കളത്തിച്ചിറ എന്നയാൾക്ക് ഭൂമി വാങ്ങി നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ (ബിൽ നം 25/06.01.2022) ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, ചക്കാലയ്ക്കൽ ജോസഫ് വർഗ്ഗീസ് എന്നയാളുടെ ഉടമസ്ഥതയിലുള്ളതും റീസർവ്വേ നമ്പർ 508ൽ ഉൾപ്പെട്ടിട്ടുള്ള രണ്ട് സെന്റ് വസ്തുവാണ് (81 ച.മീ) ടിയാൻ വാങ്ങിയിട്ടുള്ളത്. ടി വസ്തു 1,33,300 രൂപയ്ക്ക് ജോസഫ്

കളത്തിച്ചിറയ്ക്ക് നൽകിയതായിട്ടാണ് 2021 നവംബർ മാസം 30-ാം തീയതി രജിസ്റ്റർ ചെയ്ത തീറാധാരത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ലൈഫ് മിഷൻ നിബന്ധന പ്രകാരം പൊതുവിഭാഗത്തിലുള്ള ഗുണഭോക്താക്കൾ കുറഞ്ഞത് മൂന്ന് സെന്റ് വസ്തു (1 ആർ 21 ച.മീ) വാങ്ങുന്നതിനാണ് രണ്ട് ലക്ഷം രൂപ അനുവദിക്കാവുന്നത്. രണ്ട് സെന്റ് വസ്തു വാങ്ങിയതിന് 1,33,300 രൂപ മാത്രമാണ് ചെലവായതെന്നിരിക്കെ രണ്ട് ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ നിന്നും നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അധികം കൈപ്പറ്റിയ തുകയായ 66700/- രൂപ ശ്രീ.ജോസഫ് വർഗ്ഗീസ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് രസീത് നമ്പർ 1220103853/ 13.3.2023 പ്രകാരം തിരിച്ചടച്ചിട്ടുണ്ട്. പദ്ധതി വിഹിതത്തിൽ നിന്നുള്ള ചെലവായതിനാൽ ടി തുക സർക്കാരിലേയ്ക്ക് ട്രഷറി ചെലാൻ മുഖേന ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-11 സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് - 53,750 /- രൂപയുടെ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2021-22ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനം | അർദ്ധവർഷം | ഈടാക്കേണ്ട സ്ഥാപന തൊഴിൽനികുതി |
|---|---|---|---|
| 1 | കൊല്ലംമുറി നിധി ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 2 | നെടുംപറമ്പിൽ ക്രെഡിറ്റ് സിൻഡിക്കേറ്റ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 3 | പ്രോംപ്റ്റ് കുറീസ് ഇന്ത്യ (പ്രൈ) ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 4 | കൊണാട്ട് ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 5 | എടത്വാ സർവീസ് കോപ്പറേറ്റീവ് സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 6 | കെ.കെ. ഫിനാൻസിയേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 7 | കണ്ണാട്ട് ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 8 | കളങ്ങര ചിട്ടീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 9 | കൈരളി നിധി ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 10 | പുളിമൂട്ടിൽ ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 11 | എടത്വാ സർവീസ് സഹകരണ ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 12 | തായങ്കരി ക്ഷീരോത്പാദക സഹ:സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 13 | പാണ്ടങ്കരി ക്ഷീരോത്പാദക സഹ:സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |

| | | | |
|---|---|---|---|
| 14 | എടത്വാ ക്ഷീരോത്പാദക സഹ:സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 15 | ന്യൂ ഇന്ത്യ ഇൻഷുറൻസ്, പോർട്ടൽ ഓഫീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 16 | യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ്, പോർട്ടൽ ഓഫീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 17 | പ്രോംപ്റ്റ് ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 18 | ന്യൂ പ്രിയ ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 19 | എസ്ബിഐ, എടത്വാ | ഒന്നാം അർദ്ധവർഷം | 1250X1=1250 |
| 20 | IOB,എടത്വാ | രണ്ടാം അർദ്ധവർഷം | 1250X1=1250 |
| 21 | സൌത്ത് ഇന്ത്യൻ ബാങ്ക് | ഒന്നാം അർദ്ധവർഷം | 1250X1=1250 |
| 22 | ബാങ്ക് ഓഫ് ബറോഡ | ഒന്നാം അർദ്ധവർഷം | 1250X1=1250 |
| 23 | ഇൻഡസ് ഇൻഡ് ബാങ്ക് | ഒന്നാം അർദ്ധവർഷം | 1250X1=1250 |
| 24 | കൊശമറ്റം ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| | ആകെ | | 53,750/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നൽകിയതായും, സ്ഥാപന തൊഴിൽ നികുതി മേൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഒടുക്ക് വരുത്തുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:3,തീയതി:09/03/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല- പഞ്ചായത്തിന് വരുമാന നഷ്ടം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(ii)എ(i) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ ഒരു തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ 60ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. പഞ്ചായത്തിന്റെ 2021-22ലെ തൊഴിൽ നികുതി രജിസ്റ്റർ, വരുമാന പത്രിക എന്നിവ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപന ഉടമകൾ, സ്ഥാപനങ്ങളിലെ ജീവനക്കാർ ഇവരിൽ നിന്നും, തൊഴിൽ നികുതി പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കൊല്ലംമുറി നിധി ലിമിറ്റഡ് (ഉടമ,ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 2 | നെടുംപറമ്പിൽ ക്രെഡിറ്റ് സിൻഡിക്കേറ്റ് (ഉടമ,ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 3 | പ്രോംപ്റ്റ് കുറീസ് ഇന്ത്യ (പ്രൈ) ലിമിറ്റഡ് (ഉടമ,ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |

| | | |
|---|---|---|
| 4 | കൊണാട്ട് ഫിനാൻസ് (ഉടമ,ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 5 | എടത്വാ സർവീസ് കോപ്പറേറ്റീവ് സൊസൈറ്റി (സെക്രട്ടറി, ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 6 | കെ.കെ. ഫിനാൻസിയേഴ്സ് (ഉടമ,ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 7 | കണ്ണാട്ട് ഫിനാൻസ് (ഉടമ,ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 8 | കളങ്ങര ചിട്ടീസ് (ഉടമ,ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 9 | കൈരളി നിധി ലിമിറ്റഡ് (ഉടമ,ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 10 | പുളിമൂട്ടിൽ ഫിനാൻസ് (ഉടമ,ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 11 | യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ്, പോർട്ടൽ ഓഫീസ് (ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 12 | എടത്വാ സർവീസ് സഹകരണ ബാങ്ക് (ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 13 | ന്യൂ പ്രിയ ഫിനാൻസ് (ഉടമ,ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 14 | പാണ്ടങ്കരി ക്ഷീരോത്പാദക സഹ:സംഘം (സെക്രട്ടറി, ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 15 | എടത്വാ ക്ഷീരോത്പാദക സഹ:സംഘം (സെക്രട്ടറി, ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |
| 16 | ന്യൂ ഇന്ത്യ ഇൻഷുറൻസ്, പോർട്ടൽ ഓഫീസ് (ജീവനക്കാർ) | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ |

മേൽ സൂചിപ്പിച്ച സ്ഥാപന ഉടമകളുടെയും / സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും 2021-22 ലെ തൊഴിൽ നികുതി കുടിശ്ശിക അടവാക്കുന്നതിന് പഞ്ചായത്ത് നോട്ടീസ് നൽകിയതായും തുക അടവാക്കുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇവരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.04/തീയതി:09-03-2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങളുടെ ഉടമകൾ, ജീവനക്കാർ ഇവരിൽ നിന്നും 2021-22 വർഷത്തെ തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 വസ്തുനികുതി തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം -7,884 /-

വാണിജ്യാവശ്യത്തിനുവേണ്ടി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി കെട്ടിടത്തിന്റെ ഉപയോഗക്രമം കണക്കിലെടുത്ത് ഒന്നായി കണ്ട് നിശ്ചിത നിരക്കിൽ നികുതി നിർണ്ണയിക്കാതെ അതിനെ ഒന്നിലധികം മുറികളായി വിഭജിച്ച് പ്രത്യേകം മുറികൾ എന്ന രീതിയിൽ വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചതുമൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുള്ളതായി പരിശോധനയിൽ കാണുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് വ്യത്യസ്ത

ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല പഞ്ചായത്തിൽ നികുതി നിശ്ചയിച്ചുവരുന്നത്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്യുന്നത്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു

1) ഗ്രാമപ്പഞ്ചായത്തിന്റെ 4-ാം വാർഡിൽ വർഗ്ഗീസ്ചാണ്ടി, വരിക്കളത്തിൽ,എടത്വാ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും 235.69 ച.മീ. തറവിസ്തീർണ്ണമുള്ളതുമായ (കെട്ടിട നം: 4/229-A മുതൽ 4/229-J വരെ) കെട്ടിടത്തെ, വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ച:മീറ്ററിന് 60/- രൂപാ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നതിന് പകരം, സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ ടി കെട്ടിടത്തെ 229-A മുതൽ 229-J വരെയുള്ള 10 വ്യത്യസ്ത കെട്ടിട ഭാഗങ്ങളാക്കി (കടമുറികൾ), 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ച:മീറ്ററിന് 40/-രൂപാ നിരക്കിൽ വസ്തുനികുതി ഈടാക്കിയത് മൂലം, വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കണക്കാക്കേണ്ട നികുതി+ലൈബ്രറി സെസ്സ് (നികുതി നിരക്ക്:60രൂ /ച.മീ.) | | കണക്കാകിയ നികുതി+ലൈബ്രറി സെസ്സ് (നികുതി നിരക്ക്:40രൂ /ച.മീ.) |
|---|---|---|
| താഴത്തെ നില | അടിസ്ഥാന നികുതി 117.83 X60 = 7069.8 ലൈബ്രറി സെസ്സ് = 354 ആകെ = 7070+354= 7,424/- | അടിസ്ഥാന നികുതി+ലൈബ്രറി സെസ്സ് 1) 4/ 229A- 911+46=957 2) 4/ 229B- 882+45=927 3) 4/ 229C- 855+43=898 4) 4/ 229D- 820+41=861 5) 4/ 229E- 1250+63=1313 ആകെ = 4,956/- |
| ഒന്നാം നില | അടിസ്ഥാന നികുതി 117.86x60 = 7071.6/- ബഹുനില വാണിജ്യാവശ്യ ഇളവ്(5%) = 353.58 | (അടിസ്ഥാന നികുതി-ബഹുനില വാണിജ്യാവശ്യ ഇളവ് 5%)+ലൈബ്രറി സെസ്സ് 6) 4/ 229 F- 865+44=909 7) 4/ 229 G- 838+42=880 8) 4/ 229 H- 813+41=854 |

| | | |
|---|---|---|
| | ലൈബ്രറി സെസ്സ് = 336<br>ആകെ = 6718+336= 7054 | 9) 4/ 229 J- 779+39=818<br>10) 4/ 229 I-1188+60=1248<br>ആകെ = 4,709/- |
| ആകെ | 14478/- | 9,665/- |
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 4,813/- |

മേൽ സൂചിപ്പിച്ച 10 കെട്ടിടങ്ങളും ഒരേ പെർമ്മിറ്റ്പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി തേടിയ കെട്ടിടങ്ങളാണ്. ഈ വാണിജ്യാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതി ഒരേ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇവയെ വ്യത്യസ്തകെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ 4,813/-രൂപയുടെ കുറവുണ്ടായി.

2) ഗ്രാമപ്പഞ്ചായത്തിന്റെ 6-ാം വാർഡിൽ തോമസ് ജോസഫ്,കൊട്ടംപിരിശ്ശേരിൽ,എടത്വാ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും 154.8 ച.മീ. തറവിസ്തീർണ്ണമുള്ളതുമായ (കെട്ടിട നം: 6/73-A മുതൽ 6/73-I വരെ) കെട്ടിടത്തെ, വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ച:മീറ്ററിന് 60/- രൂപാ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നതിന് പകരം, സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ ടി കെട്ടിടത്തെ 73-A മുതൽ 73-I വരെയുള്ള 9 വ്യത്യസ്ത കെട്ടിട ഭാഗങ്ങളാക്കി (കടമുറികൾ), 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ച:മീറ്ററിന് 40/-രൂപാ നിരക്കിൽ വസ്തുനികുതി ഈടാക്കിയത് മൂലം, വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കണക്കാക്കേണ്ട നികുതി+ലൈബ്രറിസെസ്സ് (നികുതി നിരക്ക്:60രൂ ച.മീ.) | | കണക്കാകിയനികുതി+ലൈബ്രറിസെസ്സ് (നികുതി നിരക്ക്:40രൂ /ച.മീ.) |
|---|---|---|
| താഴത്തെ നില | അടിസ്ഥാന നികുതി 39.6 X60 =2376<br>ലൈബ്രറി സെസ്സ് = 119<br>ആകെ = 2376+119= 2,495/- | അടിസ്ഥാന നികുതി+ലൈബ്രറി സെസ്സ്<br>1) 6/73 A-528+27=555<br>2) 6/73 B-528+27=555<br>3) 6/73 C-528+27=555<br>ആകെ = 1,665/- |
| ഒന്നാം നില | അടിസ്ഥാന നികുതി 57.6x60 = 3456/-ബഹുനില വാണിജ്യാവശ്യ | (അടിസ്ഥാന നികുതി-ബഹുനില വാണിജ്യാവശ്യ ഇളവ് 5%)+ലൈബ്രറി സെസ്സ്<br>4) 6/73 D-730+37=767 |

| | | |
|---|---|---|
| | ഇളവ്(5%) =172.8<br>ലൈബ്രറി സെസ്സ് = 165<br>ആകെ = 3283+165 = 3,448/- | 5) 6/73 E-730+37=767<br>6) 6/73 F-730+37=767<br>ആകെ = 2,301/- |
| രണ്ടാം നില | അടിസ്ഥാന നികുതി 57.6x60 = 3456/-ബഹുനില വാണിജ്യാവശ്യ ഇളവ്(10%) =345.6<br>ലൈബ്രറി സെസ്സ് = 156<br>ആകെ = 3110+165 = 3,275/- | (അടിസ്ഥാന നികുതി-ബഹുനില വാണിജ്യാവശ്യ ഇളവ് 10%)+ലൈബ്രറി സെസ്സ്<br>7) 6/73 G-692+35=727<br>8) 6/73 H-692+35=727<br>9) 6/73 I -692+35=727<br>ആകെ =2,181/- |
| ആകെ | 9218/- | 6,147/- |
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 3,071/-/- |

മേൽ സൂചിപ്പിച്ച 9കെട്ടിടങ്ങളും ഒരേ പെർമ്മിറ്റ്പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി തേടിയ കെട്ടിടങ്ങളാണ്. ഈ വാണിജ്യാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതി ഒരേ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇവയെ വ്യത്യസ്തകെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ അടിസ്ഥാന നികുതി നിരക്ക് ചുമത്തി നികുതി നിർണ്ണയിച്ചത് 3,071/-രൂപ വസ്തുനികുതി കുറയുന്നതിനിടയായി.

വസ്തുനികുതി ഇത്തരത്തിൽ തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് ഉണ്ടായ 7,884 /-രൂപയുടെ വരുമാന നഷ്ടം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷത്തിന് (നം:01/09-03-2023) ടി കെട്ടിടങ്ങളുടെ വസ്തുനികുതി ച:മീറ്ററിന് 60/- രൂപ നിരക്കിൽ പുനർനിർണ്ണയിച്ച് നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.കെട്ടിടങ്ങളുടെ വസ്തുനികുതി പുനനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് ഫയലുകളും അനുബന്ധ രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല.

കൃഷി ഓഫീസർ 2021-22 വർഷം നടപ്പാക്കിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലും അനുബന്ധ ചെലവ് രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല. ഓഡിറ്റ് ആരംഭിക്കുന്ന 06.03.2023ൽ തന്നെ പദ്ധതി, പദ്ധതിയിതര ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി 20.02.2023ലെ KSA-ALP/GA2/TP-3/2023 നമ്പരായി ഓഡിറ്റ് നോട്ടീസ് നൽകുകയുണ്ടായി. രേഖകൾ ഹാജരാക്കാതിരുന്നതിനെ തുടർന്ന് 9.3.2023ൽ ഓഡിറ്റ് റിക്വിസിഷനും 13.3.2023ൽ ഓഡിറ്റ് എൻക്വയറിയും (നം 20/13.3.2023) നൽകിയിരുന്നു. ഓഡിറ്റ് റിക്വിസിഷൻ നൽകിയതിനെ തുടർന്ന് 2021-22,

2022-23 വർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം പിരിക്കുവാനായി കൈപ്പറ്റിയ 10 രസീത് ബുക്കുകളും അവയുടെ കളക്ഷൻ രജിസ്റ്ററും മാത്രമാണ് ഹാജരാക്കിയത്. എന്നാൽ ടി രസീത് ബുക്കുകൾ പ്രകാരം പിരിച്ച ഗുണഭോക്തൃ വിഹിതം ഗ്രാമപഞ്ചായത്തിൽ ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ 2021-22 വർഷത്തെ ട്രഷറി ബിൽ ബുക്ക്, വികേന്ദ്രീകൃത ആസൂത്രണ പദ്ധതിയുടെ ഭാഗമായി തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ ഫയലുകൾ, നെൽകർഷകർക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിനായി സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം നൽകിയ തുകയുടെ ചെലവ് രേഖകൾ, സ്റ്റോക്ക് വിതരണ രേഖകൾ, ഗുണഭോക്തൃ ലിസ്റ്റ്, പാടശേഖര സമിതികളുടെ വിവരം മുതലായവയൊന്നും ഓഡിറ്റ് അവസാനിക്കുന്ന 15.03.2023വരെ ലഭ്യമാക്കിയില്ല.

1) 2021-22 വർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി താഴെപറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുള്ളതായി സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ചെലവ് രേഖകളൊന്നും പരിശോധനയ്ക്ക് നൽകിയില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | ഫണ്ട് ഇനം | അടങ്കൽ തുക | ചെലവ് തുക | ഗുണഭോക്തൃ വിഹിതം | | ആകെ ചെലവ് |
|---|---|---|---|---|---|---|---|
| | | | | | വകയിരുത്തിയത് | ചെലവഴിച്ചത് | |
| 01 | നെൽ വിത്ത് സബ്സിഡി (പ്രോ.നം 20/22) | വി.ഫണ്ട് (പൊതുവിഭാഗം) | 1301101 | 1301101 | | | 1301101 |
| 02 | സുഭിക്ഷ കേരളം - ഗ്രോബാഗ് വിതരണം ജനറൽ (പ്രോ.നം 21/22) | വി.ഫണ്ട് (പൊതുവിഭാഗം) | 600000 | 600000 | 200000 | 80000 | 680000 |
| 03 | സുഭിക്ഷ കേരളം - ഗ്രോബാഗ് വിതരണം എസ്.സി (പ്രോ.നം 22/22) | വി.ഫണ്ട് (എസ്.സി.പി) | 408000 | 408000 | 136000 | 77600 | 485600 |
| 04 | നെൽ വിത്ത് സബ്സിഡി (പ്രോ.നം 87/22) | വി.ഫണ്ട് (പൊതുവിഭാഗം) | 65351 | 65351 | | | 65351 |
| 05 | കൃഷി ഭവൻ ഗോഡൗൺ വാടക (പ്രോ.നം 93/22) | എം.ജി (എൻ.ആർ) | 25000 | 25000 | | | 25000 |
| | ആകെ ചെലവ് | | | 2399452 | | 157600 | 2557052 |

2) സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം നെൽകർഷകർക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന് 2021-22 വർഷത്തേയ്ക്ക് പാഡി പ്രൊഡക്ഷൻ ബോണസ് ഇനത്തിൽ ലഭിച്ച 20,64,058/- രൂപ താഴെപറയുന്ന ബില്ലുകൾ പ്രകാരം സെക്രട്ടറി പിൻവലിച്ച് കൃഷി ഓഫീസർ മുഖേന ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇവ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

| ക്രമ നം | ട്രഷറി ബിൽ നം | തീയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 01 | 33 | 31.01.2022 | 144346/- |
| 02 | 37 | 17.01.2022 | 197780/- |
| 03 | 42 | 10.02.2022 | 32948/- |
| 04 | 43 | 10.02.2023 | 177870/- |
| 05 | 48 | 23.02.2023 | 751806/- |
| 06 | 49 | 23.02.2023 | 376566/- |
| 07 | 50 | 23.02.2023 | 189222/- |
| 08 | 51 | 23.02.2023 | 193520/- |
| | | ആകെ തുക | 20,64,058/- |

കൃഷി ഓഫീസർ 2021-22 വർഷം നടപ്പാക്കിയ മേൽ പദ്ധതികൾ പ്രകാരമുള്ള ചെലവിനെ സാധൂകരിക്കുന്ന രേഖകളൊന്നും ഓഡിറ്റ് വേളയിൽ ഹാജരാക്കിയിട്ടില്ലാത്തിനാൽ ക്രമ നമ്പർ 1,2 എന്നിവയിൽ പരാമർശിച്ചിട്ടുള്ള ആകെ ചെലവ് തുകയായ 46,21,110/- രൂപ (2064058 + 2557052) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 കക്കൂസ് പുനരുദ്ധാരണം - മൂല്യനിർണ്ണയ രേഖകൾ ലഭ്യമാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ കക്കൂസ് പുനരുദ്ധാരണം പ്രവർത്തിയ്ക്കായി ശുചിത്വ മിഷൻ ഗ്രാന്റിൽ നിന്നും 13,65,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 5000/- രൂപ ക്രമത്തിൽ 273 ഗുണഭോക്താക്കൾക്കായി 13,65,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, 104 ഗുണഭോക്താക്കളുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബാക്കിയുള്ളവർ കക്കൂസ് മെയിന്റനൻസ് പൂർത്തിയാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഗുണഭോക്താക്കൾ കക്കൂസ് മെയിന്റനൻസ് പൂർത്തിയാക്കി അറിയിക്കുന്നമുറയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതിന് ശേഷം ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറേണ്ടത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രവുമില്ലാതെ തുക നൽകിയത് ക്രമവിരുദ്ധമാണ്. ആയതിനാൽ 169 (273-104) ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 8,45,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം.

| ക്രമ നം | ചെക്ക് നം /തീയതി | തുക | ക്രമ നം | ചെക്ക് നം /തീയതി | തുക |
|---|---|---|---|---|---|
| 01 | 621946/ 6.12.21 | 35000/- | 08 | 621954/ 21.2.22 | 25000/- |
| 02 | 621947/ 13.12.21 | 160000/- | 09 | 621955/ 7.3.22 | 280000/- |
| 03 | 621948/ 30.12.21 | 20000/- | 10 | 621956/ 10.3.22 | 45000/- |
| 04 | 621949/ 1.1.22 | 5000/- | 11 | 621959/ 22.3.22 | 255000 |

| | | | | | |
|---|---|---|---|---|---|
| 05 | 621950/ 4.1.22 | 115000/- | 12 | 621960/ 23.3.22 | 110000/- |
| 06 | 621952/ 14.1.22 | 150000/- | 13 | 620721/30.3.22 | 45000/- |
| 07 | 621953/ 20.1.22 | 95000/- | 14 | 620723/ 31.3.22 | 25000/- |

1-16 കിണർ നിർമ്മാണം - അപേക്ഷയും മൂല്യനിർണ്ണയ സാക്ഷ്യപത്രവും ഹാജരാക്കിയില്ല.

വി.ഇ.ഒ നടപ്പാക്കിയ കുടിവെള്ള കിണർ നിർമ്മാണമെന്ന സ്പിൽ ഓവർ പ്രോജക്ടിനായി (പ്രോ.നം 74/22) ഒരു ഗുണഭോക്താവിന് 15000/- രൂപ പ്രകാരം 9 ഗുണഭോക്താക്കൾക്കായി 135000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മർക്കോസ് കോശി, കറുകയിൽ വാർഡ് 7; ചന്ദ്രൻ, അമ്പക്കാട്ടുചിറ, പാണ്ടൻകരി എന്നീ രണ്ട് ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ രേഖകളും മൂല്യനിർണ്ണയ സാക്ഷ്യപത്രവും മാത്രമാണ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുള്ളത്. ശേഷിക്കുന്ന 7 ഗുണഭോക്താക്കളുടെ അപേക്ഷകളും അർഹതാ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതിനായി ഓഡിറ്റ് എൻക്വയറി (നം.24 തീ.13.03.2023) നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. പ്രസ്തുത ഗുണഭോക്താക്കളുടെ അപേക്ഷ, മൂല്യനിർണ്ണയ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ 105000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം.

ബിൽ നം 83/27.10.2021 – 60,000/-
ബിൽ നം 129/16.12.2021 – 45,000/-
ബിൽ നം 155/13.01.2022 – 15,000/-
ബിൽ നം 224/07.03.2022 – 15,000/-

1-17 പി.എം.എ.വൈ പദ്ധതിയ്ക്ക് പഞ്ചായത്ത് വിഹിതം നൽകൽ - കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വർഷം നടപ്പാക്കിയ പി.എം.എ.വൈ പദ്ധതിയ്ക്ക് പഞ്ചായത്ത് വിഹിതം - എസ്.സി (പ്രോ.നം 142/22) എന്ന പ്രോജക്ട് പ്രകാരം 70,000/- രൂപയും പി.എം.എ.വൈ പദ്ധതിയ്ക്ക് പഞ്ചായത്ത് വിഹിതം- ജനറൽ (പ്രോ.നം 143/22) എന്ന പ്രോജക്ട് പ്രകാരം 45000/- രൂപയും പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം 10/10.3.23) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച 115000/- രൂപ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം.

ബിൽ നം 38/11.3.2022 – 70,000/-

ബിൽ നം 39/11.3.2022 – 45,000/-

1-18 ജൽജീവൻ പദ്ധതി-വിനിയോഗ രേഖകൾ ലഭ്യമല്ല.

പ്രോജക്ട് നം.28

പ്രോജക്ടിന്റെ പേര്: ജൽജീവൻ പദ്ധതി

അടങ്കൽ-വികസന ഫണ്ട്-ജനറൽ - 1000000/-രൂപ

ചെലവ്- 1000000/-

ബിൽ റെഫറൻസ് നം. 21070552004101175320 തീ.22.02.2022- 1000000/രൂപ

ജലജീവൻ മിഷൻ പദ്ധതിയിൽപ്പെടുത്തി എടത്വ ഗ്രാമ പഞ്ചായത്തിൽ ശുദ്ധജല വിതരണം ഉറപ്പു വരുത്തുന്നതിന് വേണ്ടി 2738 ഗാർഹിക കുടിവെള്ള കണക്ഷൻ നല്കുന്നതിലേക്കായി കേരള വാട്ടർ അതോറിറ്റിയുടെ അക്കൌണ്ടിലേയ്ക്ക് മേൽ ബിൽ പ്രകാരം 1000000/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18 തീ.13.03.2023) ലഭ്യമാക്കിയ മറുപടിയിൽ ജൽജീവൻ പദ്ധതി 2024-25 വർഷത്തോട്ടു കൂടിയെ പൂർത്തീകരിക്കുകയുള്ളുവെന്നും, അന്ന് മാത്രമെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുവെന്നും അസിസ്റ്റന്റ് സെക്രട്ടറി മറുപടി നല്കി. പൂർത്തീകരണ രേഖകൾ ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1000000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 അഗതി ആശ്രയ-തുക വിനിയോഗിച്ചില്ല.

പ്രോജക്ടിന്റെ പേര്- അഗതി ആശ്രയ

പ്രോജക്ട് നം- 88

നിർവഹണം-അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- ജില്ലാ പഞ്ചായത്ത് വിഹിതം- 100000

ചെലവ്- 100000

(ചെക്ക് നം.289464 തീ.24.03.2022- 100000/-രൂപ)

എടത്വ ഗ്രാമ പഞ്ചായത്തിൽ അഗതി ആശ്രയ എന്ന പദ്ധതിയിൽപ്പെടുത്തി തൻവർഷം ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും 100000/-രൂപ ചെക്ക് പ്രകാരം പിൻവലിച്ച് സി.ഡി.എസ് ചെയർപേഴ്സൺ , മെമ്പർ സെക്രട്ടറി എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുക ചെലവഴിക്കപ്പെടാതെ സി.ഡി.എസ് അക്കൌണ്ടിൽ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19 തീ.13.03.2023) നിർവഹണോദ്യോഗസ്ഥൻ മറുപടി നല്കിയില്ല. തുക ചെലവഴിയ്ക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പ്രസ്തുത തുക വിനിയോഗിച്ച് ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കും വരെ 100000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 പൈപ്പ് ലൈൻ വലിച്ച് ട്യൂബ് വെൽ കമ്മീഷനിംഗ്-പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല.

പ്രോജക്ട് നം.150/2022

പ്രോജക്ടിന്റെ പേര്: പൈപ്പ് ലൈൻ വലിച്ച് ട്യൂബ് വെൽ കമ്മീഷനിംഗ്

അടങ്കൽ-ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 355000

ചെലവ്- 355000/-

(PFMS/DSC/R022202599133തീ.29.02.2022- 355000/രൂപ )
നിർവഹണം:- സെക്രട്ടറി

എടത്വ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി എടത്വ വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള ട്യൂബ്വെൽ അറ്റകുറ്റപ്പണി നടത്തി കൂടുതൽ ക്ഷമതയുള്ള മോട്ടോർ സ്ഥാപിച്ച് കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി പബ്ലിക് ഹെൽത്ത് ഡിവിഷൻ തിരുവല്ല ഓഫീസിലേയ്ക്ക് മേൽ ബിൽ പ്രകാരം 355000/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 തീ.10.03.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക355000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 അംഗനവാടി കെട്ടിട നിർമാണം-പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല

പ്രോജക്ട് നം.126/2022

പ്രോജക്ടിന്റെ പേര്: വാർഡ്-8-ൽ 98-ാം നമ്പർ അംഗനവാടി കെട്ടിട നിർമാണം

അടങ്കൽ-മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)-600000

ചെലവ്- 600000/-

ബിൽ റെഫറൻസ് നം.21070552004501426952 തീ.23.03.2022- 600000/രൂപ

2.പ്രോജക്ട് നം.54/2022

പ്രോജക്ടിന്റെ പേര്: അംഗനവാടി നമ്പർ 67 കെട്ടിട നിർമാണം വാർഡ് 4

അടങ്കൽ-മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)-600000

ചെലവ്- 600000/-

ബിൽ റെഫറൻസ് നം.21070552004501426939 തീ.23.03.2022- 600000/രൂപ

എടത്വ ഗ്രാമ പഞ്ചായത്തിലെ വാർഡ് 8-ലെ 98-ാം നമ്പർ അംഗൻവാടിയ്ക്കും, വാർഡ് -4-ലെ 67-ാം നമ്പർ അംഗൻവാടിയ്ക്കും തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് കെട്ടിടം നിർമിക്കുന്നതിനായി മേൽ ബില്ലുകൾ പ്രകാരം 1200000/-രൂപ മഹാത്മ ഗാന്ധി എൻ.ആർ.ഇ.ജി.എ സ്റ്റേറ്റ് മിഷൻ എന്ന പേരിലുള്ള ട്രഷറി അക്കൌണ്ടിലേയ്ക്ക് (നം.799011400000486) ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15 തീ.10.03.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1200000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 കുടിവെള്ള വിതരണം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല.

1.പ്രോജക്ട് നം.92/2022

പ്രോജക്ടിന്റെ പേര്: കുടിവെള്ള വിതരണം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

അടങ്കൽ-ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 1472800/-രൂപ

ചെലവ്- 1472800/-രൂപ

PFMS/DSC/R022202594345തീ.29.02.2022- 611000/രൂപ

PFMS/DSC/R032203605683തീ.24.03.2022- - 861800/രൂപ

2.പ്രോജക്ട് നം.158/2022

പ്രോജക്ടിന്റെ പേര്: കുടിവെള്ള വിതരണം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ബാലൻസ് തുക നൽകൽ

അടങ്കൽ-ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 268200/-രൂപ

ചെലവ്- 268200/-രൂപ

ബിൽ റെഫറൻസ് നം.21070552004501437057 തീ.24.03.2022

എടത്വ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എകസ്റ്റൻഷന വേണ്ടി കേരള വാട്ടർ അതോറിറ്റി പബ്ലിക് ഹെൽത്ത് ഡിവിഷൻ തിരുവല്ല ഓഫീസിലേയ്ക്ക് മേൽ രണ്ട് പ്രോജക്ടുകൾ പ്രകാരം 1741000/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 തീ.10.03.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1741000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 ഐ.കെ.എം-ന് വിഹിതം നല്കൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

പ്രോജക്ടിന്റെ പേര് : ഐ.കെ.എം-ന് വിഹിതം നല്കൽ

പ്രോജക്ട് നം. : 5/2022

അടങ്കൽ : വികസന ഫണ്ട് -181064/-രൂപ

ചെലവ് : 181064/-രൂപ (1.ബിൽ റെഫറൻസ് നം.21070552004500247230 തീയതി.28.07.2021-50000/-രൂപ

2.ബിൽ റെഫറൻസ് നം.21070552004501337792 തീയതി.16.03.2022- 131064/-രൂപ)

നിർവഹണം: സെക്രട്ടറി

എടത്വ ഗ്രാമ പഞ്ചായത്തിന്റെ ഐ.കെ.എം-നുള്ള വിഹിതമായി 181064/-രൂപ മേൽ ബില്ലുകൾ പ്രകാരം ഐ.കെ.എം-ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. ടി തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16 തീ.10.03.2023) മറുപടി ലഭ്യമാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (181064/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഐ.കെ.എം- ൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 യഥാസമയം വാട്ടർ ചാർജ് ഒടുക്കാതിരുന്നതിനുള്ള ഫൈൻ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കി

പ്രോജക്ടിന്റെ പേര് : കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഒടുക്കൽ

പ്രോജക്ട് നം. : 4/2022

അടങ്കൽ : മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)- 889309/-രൂപ

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 580000/-രൂപ

ആകെ- - 1469309/-രൂപ

ചെലവ് : 1469309/-രൂപ

(1.ബിൽ റെഫറൻസ് നം.21070552004500163431 തീ.30.06.2021-373604/-രൂപ

2.ബിൽ റെഫറൻസ് നം.21070552004500247234 തീ.28.07.2021-121745/-രൂപ

3.ബിൽ റെഫറൻസ് നം.21070552004500338858 തീ.25.08.2021-121745/-രൂപ

4.ബിൽ റെഫറൻസ് നം.21070552004500467115 തീ.30.09.2021-121745/-രൂപ

5.ബിൽ റെഫറൻസ് നം.21070552004500560404 തീ.26.10.2021-121745/-രൂപ

6. PFMS/DSC/R012202948848തീ.14.01.2022- 243490/-രൂപ

7.PFMS/DSC/R012204575022തീ.25.01.2022-121745/-രൂപ

8.PFMS/DSC/R0122202569038തീ.19.02.2022-121745/-രൂപ

9.ബിൽ റെഫറൻസ് നം.21070552004501435099തീ.24.03.2022-28725/-രൂപ

10.PFMS/DSC/R032203654810തീ.25.03.2022-93020/-

നിർവഹണം: സെക്രട്ടറി

എടത്വ ഗ്രാമ പഞ്ചായത്തിൽ ആകെ 265പൊതു ടാപ്പുകളാണുള്ളത്. ഒരു ടാപ്പിന് പ്രതിവർഷം 5513/-രൂപയാണ് വാട്ടർ അതോറിറ്റി വെള്ളക്കരമിനത്തിൽ ഡിമാന്റ് ചെയ്യുന്നത്. ആയത് പ്രകാരം 265 ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 121745/-രൂപ (5513x265/12) വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തു വരുന്നു. ആയത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം ഒടുക്കേണ്ട ആകെ വാട്ടർ ചാർജ് 1460940/-രൂപയാണ് (121745x12). എന്നാൽ മേൽ ബില്ലുകൾ പ്രകാരം തൻവർഷം ആകെ 1469309/-രൂപ വാട്ടർ ചാർജിനത്തിൽ കേരള വാട്ടർ അതോറിറ്റിയിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. അധികമായി ഒടുക്കിയിട്ടുള്ള 8369/-രൂപ ഫൈൻ ഇനത്തിലുള്ള തുകയാണ്. മുകളിൽ നല്കിയിട്ടുള്ള ക്രമ നമ്പർ 1 പ്രകാരം അനുവദിച്ച ബിൽ തുകയിലാണ് ഈ അധിക ചെലവ് വന്നിട്ടുള്ളത്. ഫൈൻ ഇനത്തിലുള്ള തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും നല്കാനുണ്ടായ കാരണം അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17 തീ.10.03.2023) മറുപടി ലഭ്യമാക്കിയില്ല. അധികം നല്കിയ തുക തനത് ഫണ്ടിൽ പണമുണ്ടായിരുന്നിട്ടും വെള്ളക്കരം ഒടുക്കാതെ ഫൈൻ വരുത്തി വെച്ച ജീവനക്കാരിൽ (അതത് സമയത്തെ സെക്ഷൻ ക്ലർക്ക്, ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി) നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-25 കൺസോളിഡേഷൻ കുറവ് ചെയ്തില്ല- കരാറുകാരന് അധിക തുക നല്കി

എടത്വ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളിൽ എർത്തേൺ സബ്ഗ്രേഡ്/ എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ (യൂസിംഗ് മെറ്റീരിയൽ ഒബ്റ്റെയ്ൻഡ് ഫ്രം ബോറോപിറ്റ്സ്) നടത്തിയതിൽ നിന്നും 10% കൺസോളിഡേഷൻ കുറവ് ചെയ്യാതിരുന്നതുമൂലം അധിക ചെലവുണ്ടായിട്ടുണ്ട്. ഉചിതമായ രീതിയിൽ കൺസോളിഡേഷൻ നടത്തിയെന്നുള്ള സാക്ഷ്യപത്രം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 1.പ്രോജക്ട് നം./ പേര് | 98/2022 വാർഡ് 13-ൽ ചേന്നങ്കരപ്പടി മുതൽ ഒറ്റയ്ക്കൽപ്പടി വരെ റോഡ് കോൺക്രീറ്റിംഗ് |
| കരാറുകാരൻ | ഷൈജു ഭാസ്കരൻ |
| അളവു പുസ്തകം | 14/AEE/EDVA Dt 07.10.2021 |
| എർത്തേൺ സബ്ഗ്രേഡ് നടത്തിയഅളവ്/ | 41.038m$^3$@820/m$^3$ =33651/- |
| അനുവദനീയമായ അളവ്/ തുക | 36.934m$^3$ @820/m$^3$ =30286/- |
| അധികം നൽകിയ തുക | 3365/- രൂപ |
| 12% GST | 404/-രൂപ |
| ചെലവു വിവരം | ബിൽ റെഫറൻസ് നം.21070552004200989752 തീ. 21.01.2022 |

| | |
|---|---|
| 2.പ്രോജക്ട് നം./ പേര് | 103/ വാർഡ് 9-ൽ മുളപ്പഞ്ചേരി പടി മുതൽ കൊടവളഞ്ഞി പടി വരെ റോഡ് പുനരുദ്ധാരണം |
| കരാറുകാരൻ | ആന്റോ അൽഫോൺസ് |
| അളവു പുസ്തകം | 17/AEE/EDVA Dt 29.11.2021 |
| എർത്തേൺ സബ്ഗ്രേഡ് നടത്തിയഅളവ്/ | 75.088m$^3$@906.795/m$^3$ =68089/- |
| അനുവദനീയമായ അളവ്/ തുക | 67.579m$^3$ @906.795/m$^3$ =61280/- |
| അധികം നൽകിയ തുക | 6809/-രൂപ |
| 12% GST | 817 |
| ചെലവു വിവരം | ബിൽ റെഫറൻസ് നം.21070552004201106079 തീ. 11.02.2022 |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.21 തീ.13.03.2022) മറുപടി ലഭ്യമാക്കിയില്ല. അധികമായി നല്കിയതുക 11395/-രൂപ (10174+ 1221 GST) ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-26 ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് കെട്ടിടം പെയിന്റിംഗ്-അധിക ചെലവ്.

പ്രോജക്ട് നം.94/2022

പ്രോജക്ടിന്റെ പേര്: ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് കെട്ടിടം പെയിന്റിംഗ്

അടങ്കൽ-മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)- 87400/-രൂപ

ചെലവ്- 60532/-രൂപ

(ബിൽ റെഫറൻസ് നം.21070552004201355377തീ.17.03.2022)

എസ്റ്റിമേറ്റ് നിരക്ക് (ജി.എസ്.റ്റി കഴിച്ച്)- 88992/-രൂപ

മേൽ പ്രവർത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ കുര്യൻ.കെ.വർഗീസ് എന്ന വ്യക്തി ഏറ്റവും കുറഞ്ഞ തുക (69417.84 രൂപ) തുകയ്ക്ക് ടെണ്ടർ സമർപ്പിക്കുകയും ടിയാളുടെ ടെണ്ടർ 03.11.2021-ലെ 5(7) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് നല്കുകയും ചെയ്തിരുന്നു. തുടർന്ന് 16.11.2021-ലെ 22/AE/LSGD/EDVA/2021-22 നമ്പർ പ്രകാരം സെലക്ഷൻ നോട്ടീസ് നല്കുകയും ചെയ്തു. എന്നാൽ വ്യക്തിപരമായ കരണങ്ങളാൽ ടിയാന് പ്രസ്തുത പ്രവർത്തി ചെയ്യാനാവില്ലെന്ന് കാണിച്ച് 02.12.2021-ൽ ടിയാൻ പ്രസ്തുത പ്രവർത്തിയിൽ നിന്നും പിന്മാറുന്നതായി കാണിച്ച് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നല്കി. തുടർന്ന് 22.12.2021-ലെ 1(2) നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം ടിയാനെ കരാറിൽ നിന്നും ഒഴിവാക്കി തൊട്ടുത്ത നിരക്ക് രേഖപ്പെടുത്തിയ ഗിരീഷ് കുമാർ എന്ന വ്യക്തിക്ക് കരാർ നല്കുന്നതിനും ശ്രീ.കുര്യൻ.കെ.വർഗീസിൽ നിന്നും നിയമാനുസൃത പിഴയും നഷ്ടപരിഹാരവും ഈടാക്കുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ടെണ്ടർ ഡോക്യുമെന്റിനൊപ്പം കരാറുകാർ ലഭ്യമാക്കിയിട്ടുള്ള പ്രാഥമിക കരാറുടമ്പടിയിലെ ഖണ്ഡിക 4 പ്രകാരം "സെലക്ഷൻ നോട്ടീസ് ലഭിച്ച് നിശ്ചിതസമയത്തിനകം കരാറുടമ്പടിയിൽ ഏർപ്പെടുന്നതിന് കരാറുകാരൻ വീഴ്ച വരുത്തുന്ന പക്ഷം മറ്റൊരു ഏജൻസിയെക്കൊണ്ടോ, പഞ്ചായത്ത് നേരിട്ടോ പ്രവർത്തി ഏറ്റെടുക്കാവുന്നതും തന്മൂലം ഉണ്ടാകുന്ന അധിക ചെലവ് പ്രസ്തുത കരാറുകാരന്റെ സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും റവന്യു റിക്കവറി നടപടി പ്രകാരം ഈടാക്കുന്നതിന് പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണെന്ന്" വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ഈ വർക്കിൽ രണ്ടാം കരാറുകാരനെക്കൊണ്ട് പ്രവർത്തി ചെയ്യിച്ചപ്പോൾ താഴെപ്പറയും പ്രകാരം അധികചെലവുണ്ടായിട്ടുണ്ട്. ഈ അധികച്ചെലവ് ഒന്നാം കരാറുകാരനിൽ നിന്നും ഈടാക്കിയതായി

കാണുന്നില്ല.

| ഇനം | ചെയ്ത അളവ് | രണ്ടാം കരാറുകാരന് അനുവദിച്ച തുക (ഗിരീഷ് കുമാർ) | ആദ്യ കരാറുകാരൻ ക്വോട്ട് ചെയ്ത പ്രകാരം അനുവദിക്കേണ്ട തുക (കുര്യൻ.കെ.വർഗീസ്) | അധിക ചെലവ് |
|---|---|---|---|---|
| ഇനം.1 | 533.623 $M^2$ | 533.623 $M^2$ X11 = 5869.853 | 533.623 $M^2$ X9.69=5170.806 | 699.047 |
| ഇനം.2 | 5.12 $M^2$ | 5.12 $M^2$ X 198.295=1015.27 | 5.12 $M^2$ X307.15=1572.608 | (-)557.338 |
| ഇനം.3 | 378.704$M^2$ | 378.704$M^2$ X 78.25 = 29633.588 | 378.704$M^2$ X64.61=24468.065 | 5165.523 |
| ഇനം.4 | 155.822 $M^2$ | 155.82 $M^2$ X 78 = 12154.116 | 155.822 $M^2$ X88.39=13733.106 | (-)1618.99 |
| ഇനം.5 | 70.81 $M^2$ | 70.81 $M^2$ X 75.949 =5377.949 | 70.81 $M^2$ X59.51=4213.903 | 1164.046 |
| | ആകെ | | | 4852.288 |
| | GST 12% | | | 582.27 |
| | ആകെ മൊത്തം | | | 5435 |

അധിക ചെലവ് (5435/-രൂപ) ആദ്യ കരാറുകാരനായ കുര്യൻ.കെ.വർഗീസിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. ആയത് ഈടാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (22/13.03.2022) മറുപടി ലഭ്യമാക്കിയില്ല. അധിക ചെലവ് ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-27 എം.ജി.എൻ.ആർ.ഇ.ജി.എസ് മുഖേന നടപ്പാക്കുന്ന ഇൻർലോക്കിംഗ് പ്രവർത്തികൾക്ക് അധികം തുക ചെലവഴിക്കുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൻവർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് 80mm Thick Cc Paver Block പാകുന്നതിനായി 1 $M^2$ന് 1927.025/-രൂപ നിരക്കിലാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ 2021-22 വർഷം അസ്സി.എൻജിനീയർ, എൽ.എസ്സ്.ജി.ഡി നിർവ്വഹണ ഉദ്യോഗസ്ഥനായി നടവഴികൾക്ക് 80mm Thick Cc Paver Block പാകുന്നതിനായി PRICE സോഫ്റ്റ്‌വെയർ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം നടപ്പിലാക്കിയിട്ടുള്ള പ്രവർത്തികൾക്ക് 1 $M^2$ ന് 1071/- രൂപയാണ് അനുവദിച്ച് നൽകിയിട്ടുള്ള നിരക്ക്. സെക്യൂർ സോഫ്റ്റ്‌വെയറിൽ പ്രൈസ് സോഫ്റ്റ്‌വെയറിനേക്കാൾ ഉയർന്ന നിരക്കായതിനാൽ സെക്യൂർ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരം നടപ്പാക്കുന്ന ഓരോ പ്രവർത്തികളിലും വലിയ തുക അധികം ചെലവഴിക്കേണ്ടി വരുന്ന സാഹചര്യമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/വർക്ക് കോഡ് | എം. ബുക്ക് നമ്പർ | 80mm Thick Cc Paver Block പാകിയ ഏരിയ-($M^2$) | അനുവദിച്ച നിരക്ക്/ അനുവദിച്ച തുക | LSGDവിഭാഗത്തിലെ നിരക്ക്, അനുവദിക്കുന്ന തുക (1071/$m^2$) | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | ഇക്കരവീട്ടിൽ പടി മുതൽ അട്ടിയിൽ പടിവരെ ഇൻർലോക്കിംഗ് W-7 | 56/21-22 | 295.78 | 1273.65<br>376720 | 1071<br>316780 | 59940/- |
| 2 | തിരുഹൃദയ ചാപ്പൽ പടി മുതൽ 700ൽ പടി വരെ ഇൻർലോക്കിംഗ് W-7 | 172(A)/21-22 | 449.91 | 1273.65<br>573027 | 1071<br>481854 | 91173/- |
| | ആകെ | | | | | 151113/- |

നിരക്കുകൾ തമ്മിലുള്ള വ്യത്യാസം മൂലം തൻവർഷം നടപ്പിലാക്കിയിട്ടുള്ള മേൽ പരാമർശിച്ച രണ്ട് പ്രവർത്തികളിൽ മാത്രം 151113/- രൂപയാണ് അധികം ചെലവഴിക്കപ്പെട്ടിട്ടുള്ളത്. നിരക്കുകൾ തമ്മിലുള്ള വ്യത്യാസം മൂലമുണ്ടാകുന്ന ഈ അധിക ചെലവ് സംബന്ധിച്ച് NREGS മിഷൻ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 23/13.3.23) മറുപടി നൽകി.

## 1-28 എം.ജി.എൻ.ആർ.ഇ.ജി.എസ്.പ്രവൃത്തികൾ -കരാറുകാരിൽ നിന്നും ആദായ നികുതി, ജി.എസ്.ടി.എന്നിവ ഉറവിടത്തിൽ കുറവ് ചെയ്യുന്നില്ല.

1)1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ ,വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. ഇൻകം ടാക്സ് കമ്മീഷണറുടെ 13-05-20 ലെ നിർദ്ദേശപ്രകാരം 14-05-20 മുതൽ 31-05-21 വരെ വ്യക്തികളാണെങ്കിൽ 0.75% ഉം സ്ഥാപനങ്ങളാണെങ്കിൽ 1.5% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തിയാൽ മതി.ആയത് പിന്നീട് 31-03-22 വരെ നീട്ടി നൽകി . എന്നാൽ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ ആവശ്യമായ മെറ്റിരിയൽ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 0.75% ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല.

2)കേന്ദ്ര ധനമന്ത്രാലയത്തിന്റെ 13.09.2018 ലെ വിജ്ഞാപനം നം.50/2018 Central Tax പ്രകാരം ജി.എസ്.ടി.കിഴിവ് നടത്തുവാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങൾ 01.10.2018 മുതൽ ജി.എസ്.ടി. ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനുശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 250000/- ൽ അധികമായാൽ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി.കിഴിവ് ചെയ്യേണ്ടതാണ്. എന്നാൽ തൻവർഷം നടപ്പാക്കിയ താഴെപറയുന്ന പ്രോജക്ടുകൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ജി.എസ്.ടി/ ഐ.റ്റി എന്നിവ ഈടാക്കിയിട്ടില്ല.. വിശദ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, വർക്ക് കോഡ് | കരാറുകാരൻ | സാധന വിലയായി അനുവദിച്ച തുക | ഈടാക്കേണ്ട ജി.എസ്.ടി @ 2% | ഈടാക്കേണ്ട ആദായ നികുതി @ 0.75% | ഫണ്ട് കൈമാറ്റം ചെയ്ത തീയതി |
|---|---|---|---|---|---|---|
| | PWD റോഡ് മുതൽ കരുവടി പടി വരെ ബണ്ട് നിർമ്മാണം വാർഡ് 11 | സുഭാഷ് മോഹനൻ | 724381 | ഈടാക്കിയിട്ടുണ്ട് | 5433 | 11.7.22 |
| | കല്ലുപുരയ്ക്കൽ പടി മുതൽ കുന്നേൽ കലുങ്ക് വരെ കൽക്കെട്ട് നിർമ്മാണം വാർഡ് 4 | തോമസ് ആന്റണി | 292043 | 5841 | 2190 | 12.7.22 |
| | കുട്ടക്കര പടി മുതൽ കണ്ടത്തിൽപ്പറമ്പ് വരെ റോഡ് നിർമ്മാണം വാർഡ് 12 | ജിജി മാത്യു | 559157 | 11183 | 4194 | 01.7.22 |
| | കൈതവനപ്പടി PWD റോഡ് മുതൽ മയ്യക്കോണം വരെ റോഡ് ഉയർത്തൽ വാർഡ് 15 | ചാക്കോ ജോസഫ് | 170054 | - | 1275 | 08.7.21 |
| | കരിക്കുംപള്ളിൽ പടി മുതൽ പുത്തൻപുരയ്ക്കൽ പടി വരെ റോഡ് നിർമ്മാണം വാർഡ് 11 | സോജൻ ഫ്രാൻസീസ് | 308647 | ഈടാക്കിയിട്ടുണ്ട് | 2315 | 09.5.22 |
| | ആലപ്പാട് റോഡ് കോൺക്രീറ്റിംഗ് വാർഡ് 12 | സാം ജേക്കബ് | 91245 | - | 684 | 02.8.22 |
| | ആലപ്പാട് റോഡ് മുതൽ പൂവത്തുചിറ പടി വരെ റോഡ് കോൺക്രീറ്റിംഗ് വാർഡ് 12 | സാം ജേക്കബ് | 182684 | - | 1370 | 02.8.22 |
| | പാലക്കളത്തിൽ നടപ്പാലം നിർമ്മാണം വാർഡ് 12 | സാം ജേക്കബ് | 58202 | - | 437 | 25.8.22 |

| | | | | | | |
|---|---|---|---|---|---|---|
| | ആശാൻ പറമ്പ് പടി മുതൽ വടക്കോട്ട് റോഡ് കോൺക്രീറ്റിംഗ് വാർഡ് 7 | സെൽവിൻ തോമസ് | 56640 | - | 425 | 16.8.22 |
| | ഇക്കരവീട്ടിൽ പടി മുതൽ അട്ടിയിൽ പടിവരെ ഇൻർലോക്കിംഗ് W-7 | ജോഷി വർഗ്ഗീസ് | 402271 | ഈടാക്കിയിട്ടുണ്ട് | 3017 | 29.6.22 |
| | തിരുഹൃദയ ചാപ്പൽ പടി മുതൽ 700ൽ പടി വരെ ഇൻർലോക്കിംഗ് W-7 | ജോഷി വർഗ്ഗീസ് | 627555 | ഈടാക്കിയിട്ടുണ്ട് | 4707 | 8.4.22 |
| | ആകെ തുക | | | 17024 | 26047 | |

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും നിയമാനുസൃതം കുറവ് ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി, ആദായ നികുതി എന്നിവ ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കി വിവരം അറയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് ബന്ധപ്പെട്ട അക്രഡിറ്റഡ് എഞ്ചിനീയർ, അസി.സെക്രട്ടറി, സെക്രട്ടറി എന്നിവരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-29 തുടർസാക്ഷരതാ പ്രവർത്തനം - രേഖകൾ ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു.

കോഴിമുക്ക് ജി.എൽ.പി.എസ് പ്രഥമാധ്യാപിക നടപ്പാക്കിയ തുടർസാക്ഷരതാ പ്രവർത്തനം (പ്രോ.നം 30/22) എന്ന പ്രേജക്റ്റിന്റെ ഭാഗമായി സംസ്ഥാന സാക്ഷരത മിഷന് 58,900/- കൈമാറിയിട്ടുണ്ട്. ഇതിൽ 24,400/- രൂപ 8 പ്ലസ് ടു വിദ്യാർത്ഥികളുടെ കോഴ്സ്, എക്സാം ഫീയും 23400/- രൂപ 12 പ്ലസ് വൺ വിദ്യാർത്ഥികളുടെ (ജനറൽ -9, എസ്.സി -3) കോഴ്സ് ഫീയുമാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ശേഷിക്കുന്ന 11100/- സാക്ഷരത മിഷന് നൽകിയത് എന്തിനാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

8 പ്ലസ് ടു വിദ്യാർത്ഥികളുടെ കോഴ്സ് ഫീയും , എക്സാം ഫീയും സാക്ഷരതാ മിഷനിൽ ഒടുക്കിയിട്ടുണ്ടെങ്കിലും ഇവർ രണ്ടാം വർഷത്തെ ക്ലാസ്സിന് ഹാജരായതിന്റേയോ പരീക്ഷ എഴുതിയതിന്റേയോ രേഖകളൊന്നും ഫയലിൽ ചേർത്തിട്ടില്ല. പഠിതാക്കളുടെ ഒന്നാം വർഷത്തെ പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റിന്റെ പകർപ്പ് മാത്രമാണ് തെളിവിനായി ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. അതുപോലെ 12 പ്ലസ് വൺ വിദ്യാർത്ഥികൾ ഒന്നാം വർഷത്തെ കോഴ്സിൽ പങ്കെടുത്ത് പരീക്ഷ എഴുതിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് പകരം പത്താം ക്ലാസ്സ് പ്രവേശനത്തന് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കിയതിന്റെ രേകകളാണ് ഫയലിൽ ചേർത്തിട്ടുള്ളത്.

മേൽ പ്രോജക്റ്റ് പ്രകാരം പഠിതാക്കൾ ഏത് കോഴ്സ് പഠിക്കുന്നതിനാണോ വികസന ഫണ്ടിൽ നിന്നും തുക പിൻവലിച്ച് സാക്ഷരതാ മിഷന് കൈമാറിയത്, പ്രസ്തുത കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.9 തീ.10.03.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ രേഖകൾ ഹാജരാക്കുന്നതുവരെ മേൽ പ്രോജക്റ്റിനായി ചെലവഴിച്ച 58,900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം.

ബിൽ നം 06/11.3.2022 – 58,900/-

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വസ്തുനികുതി തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം -7,884 /-

വാണിജ്യാവശ്യത്തിനുവേണ്ടി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി കെട്ടിടത്തിന്റെ ഉപയോഗക്രമം കണക്കിലെടുത്ത് ഒന്നായി കണ്ട് നിശ്ചിത നിരക്കിൽ നികുതി നിർണ്ണയിക്കാതെ അതിനെ ഒന്നിലധികം മുറികളായി വിഭജിച്ച് പ്രത്യേകം മുറികൾ എന്ന രീതിയിൽ വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചതുമൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുള്ളതായി പരിശോധനയിൽ കാണുന്നു.വിശദാംശങ്ങൾ താഴെ ചേർക്കുന്നു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല പഞ്ചായത്തിൽ നികുതി നിശ്ചയിച്ചുവരുന്നത്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്യുന്നത്.

1) ഗ്രാമപ്പഞ്ചായത്തിന്റെ 4-ാം വാർഡിൽ വർഗ്ഗീസ്ചാണ്ടി, വരിക്കളത്തിൽ,എടത്വാ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും 235.69 ച.മീ. തറവിസ്തീർണ്ണമുള്ളതുമായ (കെട്ടിട നം: 4/229-A മുതൽ 4/229-J വരെ) കെട്ടിടത്തെ, വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ച:മീറ്ററിന് 60/- രൂപാ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നതിന് പകരം, സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ ടി കെട്ടിടത്തെ 229-A മുതൽ 229-J വരെയുള്ള 10 വ്യത്യസ്ത കെട്ടിട ഭാഗങ്ങളാക്കി (കടമുറികൾ), 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ച:മീറ്ററിന് 40/-രൂപാ നിരക്കിൽ വസ്തുനികുതി ഈടാക്കിയത് മൂലം, വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | കണക്കാക്കേണ്ടനികുതി+ലൈബ്രറി സെസ്സ് (നികുതി നിരക്ക്:60രൂ /ച.മീ.) | കണക്കാകിയനികുതി+ലൈബ്രറിസെസ്സ് (നികുതി നിരക്ക്:40രൂ /ച.മീ.) |
|---|---|---|
| താഴത്തെ നില | അടിസ്ഥാന നികുതി 117.83 X60 = 7069.8<br>ലൈബ്രറി സെസ്സ് = 354<br>ആകെ = 7070+354= 7,424/- | അടിസ്ഥാന നികുതി+ലൈബ്രറി സെസ്സ്<br>1) 4/ 229A- 911+46=957<br>2) 4/ 229B- 882+45=927<br>3) 4/ 229C- 855+43=898<br>4) 4/ 229D- 820+41=861<br>5) 4/ 229E- 1250+63=1313<br>ആകെ = 4,956/- |
| ഒന്നാം നില | അടിസ്ഥാന നികുതി 117.86x60 = 7071.6/-<br>ബഹുനില വാണിജ്യാവശ്യ ഇളവ്(5%) = 353.58<br>ലൈബ്രറി സെസ്സ് = 336<br>ആകെ = 6718+336= 7054 | (അടിസ്ഥാന നികുതി-ബഹുനില വാണിജ്യാവശ്യ ഇളവ് 5%)+ലൈബ്രറി സെസ്സ്<br>6) 4/ 229 F- 865+44=909<br>7) 4/ 229 G- 838+42=880<br>8) 4/ 229 H- 813+41=854<br>9) 4/ 229 J- 779+39=818<br>10) 4/ 229 I-1188+60=1248<br>ആകെ = 4,709/- |
| ആകെ | 14478/- | 9,665/- |
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 4,813/- |

മേൽ സൂചിപ്പിച്ച 10 കെട്ടിടങ്ങളും ഒരേ പെർമ്മിറ്റ്പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി തേടിയ കെട്ടിടങ്ങളാണ്. ഈ വാണിജ്യാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതി ഒരേ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇവയെ വ്യത്യസ്തകെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ അടിസ്ഥാന നികുതി നിരക്ക് ചുമത്തി നികുതി നിർണ്ണയിച്ചത് 4,813/-രൂപ വസ്തുനികുതി കുറയുന്നതിനിടയായി.

2) ഗ്രാമപ്പഞ്ചായത്തിന്റെ 6-ാം വാർഡിൽ തോമസ് ജോസഫ്,കൊട്ടംപിരിശ്ശേരിൽ,എടത്വാ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും 154.8 ച.മീ. തറവിസ്തീർണ്ണമുള്ളതുമായ (കെട്ടിട നം: 6/73-A മുതൽ 6/73-I വരെ) കെട്ടിടത്തെ, വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ച:മീറ്ററിന് 60/- രൂപാ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നതിന് പകരം, സഞ്ചയ ഡാറ്റാ ബേസ് പരിശോധിച്ചതിൽ ടി കെട്ടിടത്തെ 73-A മുതൽ 73-I വരെയുള്ള 9 വ്യത്യസ്ത കെട്ടിട ഭാഗങ്ങളാക്കി (കടമുറികൾ), 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ച:മീറ്ററിന് 40/-രൂപാ നിരക്കിൽ വസ്തുനികുതി ഈടാക്കിയത് മൂലം, വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | കണക്കാക്കേണ്ട നികുതി+ലൈബ്രറിസെസ്സ് (നികുതി നിരക്ക്:60രൂ ച.മീ.) | കണക്കാകിയനികുതി+ലൈബ്രറിസെസ്സ് (നികുതി നിരക്ക്:40രൂ /ച.മീ.) |
|---|---|---|
| താഴത്തെ നില | അടിസ്ഥാന നികുതി 39.6 X60 =2376<br>ലൈബ്രറി സെസ്സ് = 119<br>ആകെ = 2376+119= 2,495/- | അടിസ്ഥാന നികുതി+ലൈബ്രറി സെസ്സ്<br>1) 6/73 A-528+27=555<br>2) 6/73 B-528+27=555<br>3) 6/73 C-528+27=555<br>ആകെ = 1,665/- |

| | | |
|---|---|---|
| ഒന്നാം നില | അടിസ്ഥാന നികുതി 57.6x60 = 3456/-ബഹുനില വാണിജ്യാവശ്യ ഇളവ്(5%) =172.8<br>ലൈബ്രറി സെസ്സ്<br>= 165<br>ആകെ = 3283+165<br>= 3,448/- | (അടിസ്ഥാന നികുതി-ബഹുനില വാണിജ്യാവശ്യ ഇളവ് 5%)+ലൈബ്രറി സെസ്സ്<br>4) 6/73 D-730+37=767<br>5) 6/73 E-730+37=767<br>6) 6/73 F-730+37=767<br>ആകെ = 2,301/- |
| രണ്ടാം നില | അടിസ്ഥാന നികുതി 57.6x60 = 3456/-ബഹുനില വാണിജ്യാവശ്യ ഇളവ്(10%) =345.6 ലൈബ്രറി സെസ്സ്<br>= 156<br>ആകെ = 3110+165<br>= 3,275/- | (അടിസ്ഥാന നികുതി-ബഹുനില വാണിജ്യാവശ്യ ഇളവ് 10%)+ലൈബ്രറി സെസ്സ്<br>7) 6/73 G-692+35=727<br>8) 6/73 H-692+35=727<br>9) 6/73 I -692+35=727<br>ആകെ =2,181/- |
| ആകെ | 9218/- | 6,147/- |
| നികുതിനിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 3,071/- |

മേൽ സൂചിപ്പിച്ച 9കെട്ടിടങ്ങളും ഒരേ പെർമ്മിറ്റ്പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി തേടിയ കെട്ടിടങ്ങളാണ്. ഈ വാണിജ്യാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതി ഒരേ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ ഇവയെ വ്യത്യസ്തകെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ അടിസ്ഥാന നികുതി നിരക്ക് ചുമത്തി നികുതി നിർണ്ണയിച്ചത് 3,071/-രൂപ വസ്തുനികുതി കുറയുന്നതിനിടയായി.

വസ്തുനികുതി ഇത്തരത്തിൽ തെറ്റായി നിർണ്ണയിച്ചത് മൂലം പഞ്ചായത്തിന് ഉണ്ടായ 7,884 /-രൂപയുടെ വരുമാന നഷ്ടം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷത്തിന് (നം:01/ 09-03-2023) ടി കെട്ടിടങ്ങളുടെ വസ്തുനികുതി ച:മീറ്ററിന് 60/- രൂപ നിരക്കിൽ പുനർനിർണ്ണയിച്ച് നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.കെട്ടിടങ്ങളുടെ വസ്തുനികുതി പുനനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 സ്ഥാപന തൊഴിൽ നികുതിയിനത്തിൽ പഞ്ചായത്തിന് - 53,750 /- രൂപയുടെ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ / കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2021-22ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനം | അർദ്ധവർഷം | ഈടാക്കേണ്ട സ്ഥാപന തൊഴിൽനികുതി |
|---|---|---|---|
| 1 | കൊല്ലംമുറി നിധി ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 2 | നെടുംപറമ്പിൽ ക്രെഡിറ്റ് സിൻഡിക്കേറ്റ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 3 | പ്രോംപ്റ്റ് കുറീസ് ഇന്ത്യ (പ്രൈ) ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 4 | കൊണാട്ട് ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 5 | എടത്വാ സർവീസ് കോപ്പറേറ്റീവ് സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 6 | കെ.കെ. ഫിനാൻസിയേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 7 | കണ്ണാട്ട് ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 8 | കളങ്ങര ചിട്ടീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |

| | | | |
|---|---|---|---|
| 9 | കൈരളി നിധി ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 10 | പുളിമൂട്ടിൽ ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 11 | എടത്വാ സർവീസ് സഹകരണ ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 12 | തായങ്കരി ക്ഷീരോത്പാദക സഹ:സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 13 | പാണ്ടങ്കരി ക്ഷീരോത്പാദക സഹ:സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 14 | എടത്വാ ക്ഷീരോത്പാദക സഹ:സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 15 | ന്യൂ ഇന്ത്യ ഇൻഷുറൻസ്, പോർട്ടൽ ഓഫീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 16 | യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ്, പോർട്ടൽ ഓഫീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 17 | പ്രോംപ്റ്റ് ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 18 | ന്യൂ പ്രിയ ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| 19 | എസ്ബിഐ, എടത്വാ | ഒന്നാം അർദ്ധവർഷം | 1250X1=1250 |
| 20 | IOB,എടത്വാ | രണ്ടാം അർദ്ധവർഷം | 1250X1=1250 |
| 21 | സൌത്ത് ഇന്ത്യൻ ബാങ്ക് | ഒന്നാം അർദ്ധവർഷം | 1250X1=1250 |
| 22 | ബാങ്ക് ഓഫ് ബറോഡ | ഒന്നാം അർദ്ധവർഷം | 1250X1=1250 |
| 23 | ഇൻഡസ് ഇൻഡ് ബാങ്ക് | ഒന്നാം അർദ്ധവർഷം | 1250X1=1250 |
| 24 | കൊശമറ്റം ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2=2500 |
| | | ആകെ | 53,750/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നൽകിയതായും, സ്ഥാപന തൊഴിൽ നികുതി മേൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഒടുക്ക് വരുത്തുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:3,തീയതി:09/03/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കൺസോളിഡേഷൻ കുറവ് ചെയ്തില്ല- കരാറുകാരന് അധിക തുക നല്കി

എടത്വ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളിൽ എർത്തേൺ സബ്ഗ്രേഡ്/ എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ (യൂസിംഗ് മെറ്റീരിയൽ ഒബ്റ്റെയ്ൻഡ് ഫ്രെം ബോറോപിറ്റ്സ്) നടത്തിയതിൽ നിന്നും 10% കൺസോളിഡേഷൻ കുറവ് ചെയ്യാതിരുന്നതുമൂലം അധിക ചെലവുണ്ടായിട്ടുണ്ട്. ഉചിതമായ രീതിയിൽ കൺസോളിഡേഷൻ നടത്തിയെന്നുള്ള സാക്ഷ്യപത്രം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 1.പ്രോജക്റ്റ് നം./ പേര് | 98/2022 വാർഡ് 13-ൽ ചേന്നങ്കരപ്പടി മുതൽ ഒറ്റയ്ക്കൽപ്പടി വരെ റോഡ് കോൺക്രീറ്റിംഗ് |
| കരാറുകാരൻ | ഷൈജു ഭാസ്കരൻ |

| | |
|---|---|
| അളവു പുസ്തകം | 14/AEE/EDVA Dt 07.10.2021 |
| എർത്തേൺ സബ്ഗ്രേഡ് നടത്തിയഅളവ്/ | 41.038m$^3$@820/m$^3$ =33651/- |
| അനുവദനീയമായ അളവ്/ തുക | 36.934m$^3$ @820/m$^3$ =30286/- |
| അധികം നൽകിയ തുക | 3365/- രൂപ |
| 12% GST | 404/-രൂപ |
| ചെലവു വിവരം | ബിൽ റെഫറൻസ് നം.21070552004200989752 തീ. 21.01.2022 |

| | |
|---|---|
| 2.പ്രോജക്ട് നം./ പേര് | 103/ വാർഡ് 9-ൽ മുളപ്പഞ്ചേരി പടി മുതൽ കൊടവളഞ്ഞി പടി വരെ റോഡ് പുനരുദ്ധാരണം |
| കരാറുകാരൻ | ആന്റോ അൽഫോൺസ് |
| അളവു പുസ്തകം | 17/AEE/EDVA Dt 29.11.2021 |
| എർത്തേൺ സബ്ഗ്രേഡ് നടത്തിയഅളവ്/ | 75.088m$^3$@906.795/m$^3$ =68089/- |
| അനുവദനീയമായ അളവ്/ തുക | 67.579m$^3$ @906.795/m$^3$ =61280/- |
| അധികം നൽകിയ തുക | 6809/-രൂപ |
| 12% GST | 817 |
| ചെലവു വിവരം | ബിൽ റെഫറൻസ് നം.21070552004201106079 തീ. 11.02.2022 |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.21 തീ.13.03.2022) മറുപടി ലഭ്യമാക്കിയില്ല. നഷ്ടമായ തുക 11395/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2 ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് കെട്ടിടം പെയിന്റിംഗ്-അധിക ചെലവ്.

പ്രോജക്ട് നം.94/2022

പ്രോജക്ടിന്റെ പേര്: ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് കെട്ടിടം പെയിന്റിംഗ്

അടങ്കൽ-മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)- 87400/-രൂപ

ചെലവ്- 60532/-രൂപ

(ബിൽ റെഫറൻസ് നം.21070552004201355377തീ.17.03.2022)

എസ്റ്റിമേറ്റ് നിരക്ക് (ജി.എസ്.റ്റി കഴിച്ച്)- 88992/-രൂപ

മേൽ പ്രവർത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ കുര്യൻ.കെ.വർഗീസ് എന്ന വ്യക്തി ഏറ്റവും കുറഞ്ഞ തുക (69417.84 രൂപ) തുകയ്ക്ക് ടെണ്ടർ സമർപ്പിക്കുകയും ടിയാളുടെ ടെണ്ടർ 03.11.2021-ലെ 5(7) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് നല്കുകയും ചെയ്തിരുന്നു. തുടർന്ന് 16.11.2021-ലെ 22/AE/LSGD/EDVA/2021-22 നമ്പർ പ്രകാരം സെലക്ഷൻ നോട്ടീസ് നല്കുകയും ചെയ്തു. എന്നാൽ വ്യക്തിപരമായ കരണങ്ങളാൽ ടിയാന് പ്രസ്തുത പ്രവർത്തി ചെയ്യാനാവില്ലെന്ന് കാണിച്ച് 02.12.2021-ൽ ടിയാൻ പ്രസ്തുത പ്രവർത്തിയിൽ നിന്നും പിന്മാറുന്നതായി കാണിച്ച് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നല്കി. തുടർന്ന് 22.12.2021-ലെ 1(2) നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം ടിയാനെ കരാറിൽ നിന്നും ഒഴിവാക്കി തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയ ഗിരീഷ് കുമാർ എന്ന വ്യക്തിക്ക് കരാർ നല്കുന്നതിനും ശ്രീ.കുര്യൻ.കെ.വർഗീസിൽ നിന്നും നിയമാനുസൃത പിഴയും നഷ്ടപരിഹാരവും ഈടാക്കുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ടെണ്ടർ ഡോക്യുമെന്റിനൊപ്പം കരാറുകാർ ലഭ്യമാക്കിയിട്ടുള്ള പ്രാഥമിക കരാറുടമ്പടിയിലെ ഖണ്ഡിക 4 പ്രകാരം "സെലക്ഷൻ നോട്ടീസ് ലഭിച്ച് നിശ്ചിതസമയത്തിനകം കരാറുടമ്പടിയിൽ ഏർപ്പെടുന്നതിന് കരാറുകാരൻ വീഴ്ച വരുത്തുന്ന പക്ഷം മറ്റോരു ഏജൻസിയെക്കൊണ്ടോ, പഞ്ചായത്ത് നേരിട്ടോ പ്രവർത്തി ഏറ്റെടുക്കാവുന്നതും തന്മൂലം ഉണ്ടാകുന്ന അധിക ചെലവ് പ്രസ്തുത കരാറുകാരന്റെ സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും റവന്യൂ റിക്കവറി നടപടി പ്രകാരം ഈടാക്കുന്നതിന് പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണെന്ന്" വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ഈ വർക്കിൽ രണ്ടാം കരാറുകാരനെക്കൊണ്ട് പ്രവർത്തി ചെയ്യിച്ചപ്പോൾ താഴെപ്പറയും പ്രകാരം അധികചെലവുണ്ടായിട്ടുണ്ട്. ഈ അധികച്ചെലവ് ഒന്നാം കരാറുകാരനിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല.

| ഇനം | ചെയ്ത അളവ് | രണ്ടാം കരാറുകാരന് അനുവദിച്ച തുക (ഗിരിഷ് കുമാർ) | ആദ്യ കരാറുകാരൻ ക്വോട്ട് ചെയ്ത പ്രകാരം അനുവദിക്കേണ്ട തുക (കുര്യൻ.കെ.വർഗീസ് ) | അധിക ചെലവ് |
|---|---|---|---|---|
| ഇനം.1 | 533.623 $M^2$ | 533.623 $M^2$ X11 = 5869.853 | 533.623 $M^2$ X9.69=5170.806 | 699.047 |
| ഇനം.2 | 5.12 $M^2$ | 5.12 $M^2$ X 198.295=1015.27 | 5.12 $M^2$ X307.15=1572.608 | (-)557.338 |

| | | | | |
|---|---|---|---|---|
| ഇനം.3 | 378.704$M^2$ | 378.704$M^2$ X 78.25 = 29633.588 | 378.704$M^2$ X64.61=24468.065 | 5165.523 |
| ഇനം.4 | 155.822 $M^2$ | 155.82 $M^2$ X 78 = 12154.116 | 155.822 $M^2$ X88.39=13733.106 | (-)1618.99 |
| ഇനം.5 | 70.81 $M^2$ | 70.81 $M^2$ X 75.949 =5377.949 | 70.81 $M^2$ X59.51=4213.903 | 1164.046 |
| | ആകെ | | | 4852.288 |
| | GST 12% | | | 582.27 |
| | ആകെ മൊത്തം | | | 5435 |

അധിക ചെലവ് (5435/-രൂപ) ആദ്യ കരാറുകാരനായ കര്യൻ.കെ.വർഗീസിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. ആയത് ഈടാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (22/13.03.2022) മറുപടി ലഭ്യമാക്കിയില്ല. അധിക ചെലവ് ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 80531 | അംഗൻവാടി പോഷകാഹാര വിതരണം | 80531 | 0 |
| | 2021-22 | 140000 | അംഗൻവാടി പോഷകാഹാര വിതരണം | 140000 | 0 |
| | 2021-22 | 116800 | ഭിന്നശേഷിയുള്ളവർക്കുള്ള സ്കോളർഷിപ്പ് | 116800 | 0 |
| | 2021-22 | 2079000 | ലൈഫ് മിഷൻ രണ്ടാം ഘട്ടം | 2079000 | 0 |
| | 2021-22 | 156000 | സാന്ത്വന രോഗീ പരിചരണം | 156000 | 0 |
| | ആകെ | 2572331 | | 2572331 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | അംഗൻവാടി പോഷകാഹാര വിതരണം | 100000 | |
| | 2021-22 | 155400 | ഭിന്നശേഷിയുള്ളവർക്കുള്ള സ്കോളർഷിപ്പ് | 155400 | |
| | 2020-21 | 40000 | ലൈഫ് മിഷൻ രണ്ടാം ഘട്ടം | 40000 | |
| | 2021-22 | 1000000 | ലൈഫ് മിഷൻ മൂന്നാം ഘട്ടം സ്ഥലം വാങ്ങൽ | 0 | 1000000 |
| | 2020-21 | 100000 | അഗതി ആശ്രയ | 100000 | |
| | 2020-21 | 120000 | ലൈഫ് മിഷൻ രണ്ടാം ഘട്ടം (എസ്.സി.പി) | 120000 | |
| | ആകെ | 1515400 | | 515400 | 1000000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 28/ജൽജീവൻ പദ്ധതി | ബിൽ റെഫറൻസ് നം. 21070552004101175320 തീ.22.02.2022- | 1000000 | | 1000000 |
| | 92/ കടിവെള്ള വിതരണം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | PFMS/DSC /R022202594345തീ.29.02.2022- 611000/രൂപ PFMS/DSC /R032203605683തീ.24.03.2022- - 861800/രൂപ | 1472800 | | 1472800 |
| | 150/പൈപ്പ് ലൈൻ വലിച്ച് ട്യൂബ് വെൽ കമ്മീഷനിംഗ് | PFMS/DSC /R022202599133തീ.29.02.2022 | 355000/രൂപ | | 355000/രൂപ |
| | 158/ കടിവെള്ള വിതരണം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ബാലൻസ് തുക നല്കൽ | ബിൽ റെഫറൻസ് നം.21070552004501437057 തീ.24.03.2022 | 268200 | | 268200 |
| എൻ.ആർ.ഇ.ജി.എ സ്റ്റേറ്റ് മിഷൻ | 126/ വാർഡ്-8-ൽ 98-ാം നമ്പർ അംഗനവാടി കെട്ടിട നിർമാണം | ബിൽ റെഫറൻസ് നം.21070552004501426952 തീ.23.03.2022- 600000/രൂപ | 600000 | | 600000 |
| എൻ.ആർ.ഇ.ജി.എ സ്റ്റേറ്റ് മിഷൻ | 54/2022 അംഗനവാടി നമ്പർ 67 കെട്ടിട നിർമാണം വാർഡ് 4 | ബിൽ റെഫറൻസ് നം.21070552004501426939 തീ.23.03.2022 | 600000 | | 600000 |
| | ആകെ | | 4296000 | | 4296000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | | 1441567 | 9550467 | 1085334 | | 9906700 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ റിപ്പോർട്ട്- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ പദ്ധതികളുടെ നിർവ്വഹണം. | | 2015-16 | 3.6.2 | അടിസ്ഥാന സൗകര്യ വികസനം | മറുപടി സമർപ്പിച്ചിരുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68549793 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68217436 |
| വരവിനങ്ങളിലുള്ള നഷ്ടം | 61634 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16830 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10322074 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 7884 | | ഉണ്ണികൃഷ്ണൻ പിള്ള.പി.ആർ, സെക്രട്ടറി |
| 2-2 | 53750 | | ഉണ്ണികൃഷ്ണൻ പിള്ള.പി.ആർ, സെക്രട്ടറി |
| 3-1 | | 11395 | ഒസീലാ ബീവി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-2 | | 5435 | ഒസീലാ ബീവി, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 61634 | 16830 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 4621110 | ജിഷമോൾ.എം, കൃഷി ഓഫീസർ |
| 1-15 | 845000 | ദിനൽ രാജ്, വി.ഇ.ഒ |
| 1-16 | 105000 | ദിനൽ രാജ്, വി.ഇ.ഒ |
| 1-17 | 115000 | ദിനൽ രാജ്, വി.ഇ.ഒ |
| 1-18 | 1000000 | ദിലീപ്.ബി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-19 | 100000 | ദിലീപ്.ബി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-20 | 355000 | ഉണ്ണികൃഷ്ണൻ പിള്ള.പി.ആർ,സെക്രട്ടറി |
| 1-21 | 1200000 | ഉണ്ണികൃഷ്ണൻ പിള്ള.പി.ആർ,സെക്രട്ടറി |
| 1-22 | 1741000 | ഉണ്ണികൃഷ്ണൻ പിള്ള.പി.ആർ,സെക്രട്ടറി |
| 1-23 | 181064 | ഉണ്ണികൃഷ്ണൻ പിള്ള.പി.ആർ,സെക്രട്ടറി |

| | | |
|---|---|---|
| 1-29 | 58900 | സുധർമ.കെ.പി, ഹെഡ്മിസ്ട്രസ് |
| ആകെ | 10322074 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | അധികം നൽകിയ തുക | ജി .എസ്.റ്റി | വരുമാന നികുതി | സംസ്ഥാന സർക്കാരിന്റെ നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|---|
| 1-28 | | 17024 | 26047 | | ദിലീപ്.ബി, അസിസ്റ്റന്റ് സെക്രട്ടറി<br>ടോബിൻ എബ്രഹാം വർഗ്ഗീസ് അസിസ്റ്റന്റ്എഞ്ചിനീയർ എൻ.ആർ.ഇ.ജി.എസ്<br>ഉണ്ണികൃഷ്ണൻ പിള്ള.പി.ആർ, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഒസീലാ ബീവി, അസിസിറ്റന്റ് എഞ്ചിനിയർ | അസിസിറ്റന്റ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി. എടത്വ ഗ്രാമപഞ്ചായത്ത് | നടുവിൽമേലത്തിൽ, നടുവിലഞ്ചേരി, കാഞ്ഞാവള്ളി പി.ഒ |
| ജിഷമോൾ.എം, കൃഷി ഓഫീസർ | സസ്പെൻഷനിൽ | ജെ.എം. മൻസിൽ, ഗുരുപുരം ഈസ്റ്റ്, അവലൂക്കുന്നു പി.ഒ., ആലപ്പുഴ |
| സുധർമ.കെ.പി, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്, കോയിൽമുക്ക് | കീർത്തനം<br>ചെക്കിടിക്കാട്.പി.ഒ<br>എടത്വ, ആലപ്പുഴ |
| ദിനൽരാജ്.വി.എച്ച്, വി.ഇ.ഒ | വി.ഇ.ഒ, ആര്യാട്ഗ്രാമപഞ്ചായത്ത് | വളപ്പിൽ, ആര്യാട് നോർത്ത് പി.ഒ. ആലപ്പുഴ |
| ടോബിൻ എബ്രഹാം വർഗ്ഗീസ്, അസിസ്റ്റന്റ്എഞ്ചിനിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | അസിസ്റ്റന്റ് എഞ്ചിനിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്, ഗ്രാമപഞ്ചായത്ത് | മാടക്കൽ കളപ്പുരയ്ക്കൽ ഹൗസ്, തലവടി സൗത്ത് പി.ഒ, ആലപ്പുഴ |
| ദിലീപ്.ബി അസിസ്റ്റന്റ്സെക്രട്ടറി, | അസിസ്റ്റന്റ് സെക്രട്ടറി, എടത്വ ഗ്രാമ പഞ്ചായത്ത് | ഇലഞ്ഞിവേലിൽ<br>ഏവൂർ മുട്ടം.പി.ഒ<br>ചേപ്പാട്, ആലപ്പുഴ |
| ഉണ്ണികൃഷ്ണൻ പിള്ള.പി.ആർ, സെക്രട്ടറി | സെക്രട്ടറി, എടത്വ ഗ്രാമ പഞ്ചായത്ത് | സെക്രട്ടറി, എടത്വ ഗ്രാമ പഞ്ചായത്ത് പണിക്കരേത്ത് വരവിള.പി.ഒ കൊല്ലം-690528 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ3-707/97, 11.12.97/7.2.98 |
| 1997-98 (ചെലവ്) | എൽ.എഫ്.എ3 1138/99/ 13.3.2000/8..6.2000 |
| 1998-99 (ചെലവ്) | എൽ.എഫ്.ജിഎ5-1832(1)/11/24.1.2012 |
| 1999-00, 01-02 (പദ്ധതി) | എൽ.എഫ്.ജിഎ5-1832/11/24.1.2012 |

| | |
|---|---|
| 1999-00 (പദ്ധതി ഒഴികെ) | എൽ.എഫ്.ജിഎ5-1832/24.1.2012 |
| 2002-03 | എൽ.എഫ്.ജിഎ5-1832/30.1.2012 |
| 2003-04 | എൽ.എഫ്.ജിഎ5-1832/30.1.2012 |
| 2004-05 | എൽ.എഫ്.ജിഎ5-1832/30.1.2012 |
| 2005-06 | എൽ.എഫ്.ജിഎ5-1832/30.1.2012 |
| 2006-07 | എൽ.എഫ്.എ.പി8 –311/11/23.9.11/30.9.11 |
| 2007-08 | എൽ.എഫ്.എ.പി8 –312/23.9.11/30.9.11 |
| 2008-09 & 2009-10 | എൽ.എഫ്.എ.പി1 –626/12/24.9.12 |
| 2010-11, 2011-12 & 2012-13 | എൽ.എഫ്.എ.പി1 – 1482/13/3.4.14/7.6.14 |
| 2013-14 | കെ.എസ്.എ-എ.എൽ.പി/ പി1-1539/15/ 9.12.15/1.1.16 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/ പി1-826/16/28.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി1- 1526/16/14.01.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി1- 1201/17/16.09.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി1- 234/19/04.05.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി1- 531(A)/2019 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി1-214/22/ 27.3.22 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി1-610/22/ 16.07.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്